APR 1949

# പാരിജാതം

പുസ്തകം 2 | 1124 കുംഭം | ലക്കം 7

## മംഗളം.

(ശ്രീ. കെ. ഭാരതിഅമ്മ, ബി. എ.)

സത്തുക്കളോരറിവായിട്ടന്നൊരു നറുന്തേൻ നൽകി, വൻതാപമാർ-
ന്നെത്തുന്നോർക്കു യഥോചിതം തണ, ലണച്ചാമോദമന്യാദൃശം
മെത്തുംപൂനിര സൽപ്രസാദനിലയിൽത്തൂകിത്തഴയ്ക്കട്ടെ, സ-
മ്പത്തും "ശ്രീപരമേശ്വര" പ്രിയവുമൊത്തിപ്പാരിജാതം സദാ.

---



## സരോജിനീദേവി.

(ശ്രീ. പി. ഗോവിന്ദമേനോൻ, ബി. എ.)

1879 ഫെബ്രുവരി 13-ാംനു ഹൈദരബാദിലെ ഒരു ഉൽകൃഷ്ടബ്രാഹ്മണകുടംബത്തിലാണ് സരോജിനിയുടെ ജനനം. ബങ്കാളിലെ ബ്രഹ്മനഗരത്തിൽനിന്നു ഹൈദരബാദിൽ കുടിയേറിപ്പാർപ്പുറപ്പിച്ച കുടുംബമാണ് അതു്.

പൗരസ്ത്യസംസ്കാരത്തിന്റെ മാന്ത്രികശക്തി സരോജിനിയിൽക്കൂടെ പ്രവഹിച്ചിരുന്നു. പരുപരുത്ത രാഷ്ട്രീയജീവിതത്തെക്കാൾ മിന്നുമിന്നുന്ന കാവ്യജീവിതമായിരുന്നു അവൾക്കു് ഇഷ്ടം.

മറ്റെല്ലാ ഗുണങ്ങളിലും മുന്തിനിന്നിരുന്നതു് സരോജിനിയുടെ മനുഷ്യഗുണമാണ്. നാനാതരം കഴിവുകൾ തികഞ്ഞ ഒരു വ്യക്തിയായിരുന്നു ആ മനസ്വിനി. ഏതു സംഗതിയുടേയും കഴമ്പിൽ നിഷ്പ്രയാസം കൈവെയ്ക്കുവാൻ വിരുതുണ്ടായിരുന്നു അവൾക്ക്. എല്ലാവരുടേയും "അക്ക"യായിത്തന്നെ അവർ കഴിഞ്ഞുകൂടി. അക്ഷയയൗവനചൈതന്യത്തിന്റെ നികേതനമായിരുന്ന ആ സാധ്വിക്കു സ്വതസ്സിദ്ധമായ ഗുണങ്ങളിലൊന്നായിരുന്നു ഒരിക്കലും വാടാത്ത ശുഭപ്രതീക്ഷ.

12-ാംവയസ്സിൽ സരോജിനി മട്രിക്കുലേഷൻ പാസ്സായി. പതിനൊന്നു തികഞ്ഞ ഘട്ടത്തിൽ, ഒരു ദിവസം, ക്ഷേത്രഗണിതസംബന്ധമായ ഒരു കണക്കു ചെയ്തു മടുത്തുകൊണ്ടിരുന്ന അവസരത്തിൽ അവൾക്ക് ഒരു കവിത ഇംഗ്ലീഷിൽ ഒഴുകിവന്നു. "സ്വയമേവആഗത"മായ ഈ കവിതാചാതുര്യം അവരെത്തന്നെ അല്പമൊന്നു് അമ്പരിപ്പിക്കാതിരുന്നില്ലത്രേ! അന്നുതുടങ്ങി അപ്പോഴപ്പോഴായി ആ രംഗത്തിൽ അവർ പരിശ്രമി

ച്ചുവന്നു. അധികംതാമസിയാതെ ഒരു പ്രസിദ്ധ കവയിത്രിയായി അവർ വളർന്നു. ഉപരിപഠനാർത്ഥം അവർ ഇംഗ്ലണ്ടിൽ ചെന്നു. മടങ്ങിവന്നതിന്നുശേഷം കുറച്ചുകാലം ഏറെക്കുറെ പ്രശാന്തരമണീയമായ ഒരു ജീവിതമാണ് അവർ നയിച്ചുവന്നതു്.

സരോജിനിയുടെ ജീവിതകല്ലോലിനിക്ക് ഒരു വലിയ മാററംവന്നതു 1921-ലാണ്. അതുവരെ പടിഞ്ഞാറൻപകിട്ടിൽ കുറെ ഭ്രമത്തോടുകൂടിയായിരുന്നു അവരുടെ ജീവിതരീതി. "ജാലിയൻവാലാ"കൊലപാതകം അവരുടെ ഹൃദയത്തിൽ ആറാത്ത ഒരു അഗ്നി ജ്വലിപ്പിച്ചു. അന്നുമുതൽ അടിമഭാരതത്തിന്റെ സത്യദൂതനായ ഗാന്ധിജിയുടെ മുമ്പിൽ തന്റെ കഴിവുകളെല്ലാം അടിയറവെച്ച്, കൽത്തുറുങ്കിനെയോ കാന്താരനടത്തത്തിനെയോ ഗണ്യമാക്കാതെ, ക്ലേശബഹുലമായ രാഷ്ട്രീയസാഗരതരംഗങ്ങളിൽപെട്ട്, ആ മഹിളാമണി മറിഞ്ഞുതുടങ്ങി. ഹിന്ദു-മുസ്ലിം മൈത്രിയുടെ പ്രവാചികയായി, ആ കുയിൽനാദത്തിൽനിന്ന് എത്രയെത്ര ഉൽബോധനഗീതങ്ങളാണ് നിർഗ്ഗമിക്കയുണ്ടായതു്. 1927-ലെ മദിരാശി ഭാരതമഹാജനസഭയിൽവെച്ച് ഹിന്ദു-മുസ്ലിംമൈത്രിയെസ്സംബന്ധിച്ച പ്രമേയത്തെ പിന്താങ്ങി ഏതാണ്ട മുക്കാൽമണിക്കൂർനേരം ചെയ്ത ആ സംഗീതസാഹിത്യസമ്മിളിതമായ മധുരിമതിരളുന്ന വചോഗംഗാപ്രവാഹത്തിന്റെ കളകളനിനദം ഇന്നും ഇയ്യുള്ളവന്റെ കർണ്ണങ്ങളിൽ "സുഖദമന്ദാനിലലോലനാളം"പോലെ ആന്ദോളിക്കിക്കൊണ്ടിരിക്കുന്നു. 1925-ൽ കോൺപൂർ കോൺഗ്രസ്സിന്റെ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട്, കുറിപ്പൊന്നുംകൂടാതെ അവസരോചിതമായി ചെയ്ത പ്രസംഗം അത്ഭുതകരംതന്നെയായിരുന്നു. ശ്രീരാമകൃഷ്ണമിഷ്യന്റെ ആഭിമുഖ്യത്തിൽ കൽക്കത്തയിൽവെച്ച് 1937-ൽ നടന്ന മതമഹാസമ്മേളനയോഗങ്ങളിലൊന്നിന്റെ അദ്ധ്യക്ഷയായി, ദൈവികബോധം മനുഷ്യമനസ്സുമായി ഇണങ്ങിലയിക്കുന്നതിനെ വിശദീകരിച്ചുകൊണ്ട് അവർ വർഷിച്ച പ്രസംഗാമൃതം ആരുടെ ഹൃദയത്തെത്തന്നെ അലിയിക്കയില്ല? 1947-ൽ ഡൽഹിയിൽവെച്ചുകൂടിയ ഏഷ്യൻസമ്മേളനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചതു് അവരാണ്. "വാണിതൻ തൃക്കൈത്തണ്ടാൽ അങ്കിതകണ്ഠ"യെന്ന് അവരെപ്പററി തികച്ചും പറയാം.

1922-ൽ ഗാന്ധിജി ആറുകൊല്ലത്തെ തടവിനു വിധിക്കപ്പെട്ട അവസരത്തിൽ അദ്ദേഹം സരോജിനിയോടു പറഞ്ഞതു്, "ഭാരതത്തിന്റെ ഐക്യത്തെ ഭവതിയുടെ ഹസ്തങ്ങളിലാണു ഞാൻ അർപ്പിക്കുന്നതു്" എന്നായിരുന്നു. അതനുസരിച്ച് ആ സേതുഹിമാചലം ആ സന്ദേശപ്രചരണത്തിനായി അവർ ഉദ്യുക്തയാവുകയും ചെയ്തു.

ഭാരതസ്വാതന്ത്ര്യത്തിന്നുവേണ്ടി സരോജിനി ചെയ്ത ത്യാഗങ്ങളും സേവനങ്ങളും തങ്കലിപികളാൽ അങ്കിതമാക്കത്തക്ക സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞു. 1930, 1932, 1940, 1942 എന്നീ വർഷങ്ങളിലൊക്കെ സ്വാതന്ത്ര്യദാഹം അവരെ കാരാഗൃഹഭിത്തികൾക്കുള്ളിലേയ്ക്ക് തള്ളുകയുണ്ടായെങ്കിലും, അവരുടെ ധീരത അചഞ്ചലമായിത്തന്നെ നിലകൊണ്ടു. മാമലകൾ വെട്ടിമുറിച്ചെറിയുവാനുള്ള അവരുടെ കരുത്തിന്നു സാക്ഷ്യംവഹിക്കുന്നുണ്ടല്ലോ? അബ്രാഹ്മണനായ ഡാ: നായഡുവുമായി അവരുടെ പത്തൊമ്പതാം വയസ്സിലുണ്ടായ വിവാഹബന്ധം ഭാരതീയജീവിതത്തിന്റെ നാനാവശങ്ങളും ചിത്രീകരിക്കുന്നതിലുണ്ടായിരുന്ന അവരുടെ പാടവം അന്യാദൃശമെന്നു പറയേണ്ടു. പരിമിതപദങ്ങൾകൊണ്ട് അനുവാചകന്മാരുടെ മുമ്പിൽ വിശദങ്ങളായ രമ്യചിത്രങ്ങൾ ആവിർഭവിപ്പിക്കുവാൻ അവർക്കുണ്ടായിരുന്ന പ്രാവീണ്യം അസാമാന്യംതന്നെയായിരുന്നു.

സരോജിനിയെപ്പോലെ സൗന്ദര്യബോധം തികഞ്ഞവർ സാധാരണമല്ല. അവരുടെ പ്രകാശപൂർണ്ണങ്ങളായ നയനങ്ങൾ സൂര്യകാന്തിപ്പൂവു സൂര്യനിലെന്നപോലെ സൗന്ദര്യത്തിന്മേലെ നിരന്തരം തിരിഞ്ഞുകൊണ്ടാണിരുന്നതു്. അവരുടെ ഹൃദയതന്ത്രികളിൽനിന്നു നിർഗ്ഗളിച്ചിരുന്ന ഗാനപ്രകാണ്ഡങ്ങൾ തത്തൽസന്ദർഭോചിതങ്ങളായ ഭാവവികാരങ്ങളെ ഭാവുകന്മാരിൽ ഉണർത്തിവളർത്തി, അവരെ മനോമോഹനമായ ഒരു ലോകത്തെയ്ക്കുയർത്തത്തക്ക സ്വാധീനശക്തി വഹിച്ചു വിളങ്ങുവാനിടവന്നതിലെന്തത്ഭുതം?

ഭാരതീയസംസ്കാരമഹത്വത്തെ അതിന്റെ നിസർഗ്ഗനിസ്തുലരീതിയിൽ ലോകത്തിന്നു മനസ്സിലാക്കിക്കൊടുക്കുവാൻ സരോജിനിചെയ്ത ശ്രമം സ്തുത്യർഹമെന്നു സമ്മതിച്ചേ തീരൂ. 1928-'29-ൽ അമേരിക്കയിൽവെച്ചുനടത്തിയ പ്രസംഗപരമ്പര നമ്മുടെ മാതൃഭൂമിയെപ്പററി വിദേശങ്ങളിൽ പരക്കുവാനിടവന്ന കുപ്രചരണങ്ങളുടെ കഴമ്പില്ലായ്മയെ വെളിപ്പെടുത്തുവാൻ എത്രമാത്രം ഉതകിയെന്നു മതിക്കുക വിഷമമാണ്. പാരമ്പര്യംകൊണ്ടു പൗരസ്ത്യസംസ്കാരവും പരിശീല

# ആസ്ഥാനകവിക്കു് അനുമോദനം.

(ശ്രീ. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്)

—:ഗാഥാരീതി:—

കേരളമണ്ഡലകേദാരത്തിൻ പുണ്യ-
പൂരമിതന്നററം ഫലവത്തായി,
നവരസസമ്പൂർണ്ണനൂതനസാഹിത്യനായക-
നൈരസപുത്രൻ, പവിത്രചിത്തൻ,
മാനനീയൻ, മഹാൻ, വള്ളത്തോൾ, വന്ദ്യൻ, "ആ-
സ്ഥാനകവി"പ്പട്ടം കെട്ടുകയാൽ.
ഉത്തമകാവ്യവിശേഷരത്നങ്ങളു-
തിർത്തിടുമിക്കവിരത്നാകരം,
എത്രയോ കാലംമുമ്പീമാന്യപദവിയി-
ലെത്തുവാനർഹനായെന്നാകിലും,
ഒത്തതില്ലന്യർ ഭരണാധികാരം, തൽ-
"കണ്ടക"യായ് വെച്ചിരുന്നമൂലം.
കാലാനുക്രമമാം ലോകപുരോഗതി
ചേരിലാ, യന്യാധീനാന്ധ്യമാകെ,
ശ്രീമന്മഹാത്മജിതന്റെ മഹാതപോ-
ധാമത്താൽ നീങ്ങി, വിളങ്ങി ലോകം.

രാജ്യഭക്തിപ്രഭാപൂരിതരാ, യതി-
പ്രാജ്ഞരാം "പണ്ഡിതനെഹ്റു" തൊട്ടോർ
ഭാരതമാതാവിൻ പാദാബ്ജശുശ്രൂഷാ-
ഭാരമതിനാൽ ശരിക്കേൽക്കയാൽ,
ഭാഷാവിഷയകമായും സംസ്ഥാനങ്ങൾ
ഭേഷായഭിവൃദ്ധിപ്പെട്ടിതിപ്പോൾ.
ഇന്നതിനുത്തമമാകുമുദാഹൃതി-
യൊന്നു "ആസ്ഥാനകവി"പ്പട്ടവും.
പണ്ടുപണ്ടേ പുകളാണ്ട കവികളെ-
ക്കൊണ്ടിബ്ഭരതധരാവലയം
വേണ്ടുവോളം യശഃപുഞ്ജം പുരണ്ടതാം;
രണ്ടുപക്ഷമതിലില്ലനൂനം.
കേരളത്തിന്നു മഹത്താതിലഭിമാന-
കാരണമായ്പ്പല സൽക്കവികൾ,
ധാരാളമുണ്ടായിരുന്നെങ്കിലുമവ-
രാരാദ്ധ്യരല്ല പരക്കെയൊക്കും;

---

നം കൊണ്ടു പാശ്ചാത്യസംസ്കാരവും സമഞ്ജസമായി സമ്മേളിച്ച ഈ മഹനീയവ്യക്തിയിൽ തന്മൂലം ഒരു വിശേഷപ്രാഭവം പരിലസിക്കുവാനിടവന്നു. അതിനാൽ ആധുനികലോകത്തിനു പററിയതരത്തിൽ സനാതനതത്വങ്ങളെ പ്രചാരണം ചെയ്യുവാൻ അവക്കുണ്ടായ പാടവം ഒന്നു വേറെത്തന്നെയായിരുന്നു.

ഭാവനാലോകത്തിൽ മാത്രമല്ല, കട്ടത്ത യാഥാർത്ഥ്യങ്ങളോടു മല്ലിട്ടുകൊണ്ടു ദൈനംദിനജീവിതത്തിലും പ്രശസ്തമായ പങ്കു വഹിച്ചു വിലസുവാൻ സരോജിനി സമർത്ഥയായിരുന്നു. പൊതുരംഗങ്ങളിൽ വളരെയധികം പങ്കെടുക്കേണ്ടിവന്ന അവക്ക് ഗാർഹികജീവിതത്തിന്റെ സ്വൈരഭാവങ്ങൾ ആസ്വദിക്കുവാനുള്ള അവസരങ്ങൾ കുറവായിരുന്നുവെങ്കിലും, പല സന്ദർഭങ്ങളിലും എത്ര ലോലവും പ്രേമമസൃണവുമായ ഹൃദയമായിരുന്നു അവരിൽ തുടിച്ചിരുന്നതെന്നു പ്രത്യക്ഷപ്പെടുത്തിയ എഴുത്തുകൾ പലതുമുണ്ടാവാതിരുന്നില്ല. പണ്ഡിതനും പരിശുദ്ധനുമായിരുന്ന അഘോരനാഥ ശതോപാധ്യായക്ക് എല്ലാംകൊണ്ടും അനുയോജിച്ച ജ്യേഷ്ഠപുത്രീരത്നംതന്നെയായിരുന്നു സരോജിനി. ഭാരതത്തിന്റെ പ്രതിനിധിയുടെ നിലയ്ക്കു ദക്ഷിണാഫ്രിക്കയിൽ ചെന്നു നമ്മുടെ നാട്ടുകാർക്കുവേണ്ടി അവർ ചെയ്ത പരിശ്രമങ്ങൾ സകലരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കും പാത്രീഭവിച്ചിട്ടുണ്ട്. ഐക്യസംസ്ഥാന ഗവർണ്ണരുടെ പദവി വഹിച്ച് എത്ര അന്തസ്സോടും കാര്യക്ഷമതയോടുംകൂടിയാണ് അവർ കാര്യങ്ങൾ നിർവ്വഹിച്ചുവന്നത്! ഗവർണ്ണരുടെ വസതി ഒരു കലാമന്ദിരമെന്നോണം രൂപാന്തരപ്പെട്ടിരുന്നുവത്രെ. അത്രമാത്രം സുന്ദരകലകളുടെ മഞ്ജുശിഞ്ജിതംകൊണ്ട് അവിടം മുഖരിതമായിരുന്നുവെന്നാണറിയുന്നത്. "സർവ്വപ്രിയ"മായ ആ കനകതാരം കഴിഞ്ഞ മാർച്ച് 1-ാംനു- പുലർച്ചെ $3\frac{1}{2}$ മണിക്കു ബാഹ്യദൃഷ്ടിക്ക് അപ്രത്യക്ഷമായി; അഹോ, നമ്മുടെ ഭാഗ്യദോഷം! ആധുനികമഹിളകളുടെ നടുനായകമെന്നോണം വിലസിയിരുന്ന ആ മഹതിയുടെ പുണ്യാത്മാവ് "തമസഃ പരമാം പദത്തിൽ" എത്തിച്ചേരട്ടെ! അവരുടെ ഉജ്ജ്വലചരിത്രം എന്നെന്നും സൽപഥമാർഗ്ഗദർശനം ചെയ്തുകൊണ്ടു വിളങ്ങട്ടെ!

വന്ദേമാതരം!!!

# കാളിദാസകവിതയിലെ അഭൌമസംഭവങ്ങൾ.

(ശ്രീ. വി. ഉണ്ണിക്കൃഷ്ണൻനായർ, ബി. എ.)

രഘുവംശം രണ്ടാംസർഗ്ഗത്തിൽ വസിഷ്ഠധേനു ദിലീപനെ പരീക്ഷിയ്ക്കുവാൻ പ്രയോഗിച്ച ഉപായം പ്രഥമദൃഷ്ടിയിൽ അലൌകികമായിരുന്നതാണെങ്കിലും മനശ്ശാസ്ത്രദൃഷ്ട്യാ പരാമർശിക്കുമ്പോൾ അത്യന്തം സ്വാഭാവികമാണെന്നു തെളിയുന്നതാണ്. യാഗംചെയ്തു ദേവന്മാരോടുള്ള കടപ്പാടിൽനിന്നു വിമുക്തനായിട്ടും അനപത്യതനിമിത്തം പിതൃക്കളുടെ കടംവീട്ടാൻ കഴിവില്ലായ്കയാൽ കഠിനദുഃഖം അനുഭവിച്ചുകൊണ്ടിരുന്ന രാജാവു വസിഷ്ഠനിർദ്ദിഷ്ടമായ വ്രതത്തിൽ ഏകാഗ്രചിത്തനായി "സന്തതിസ്തംഭകാരണ"ത്തെ പരിഹരിക്കുവാൻ പണിപ്പെട്ടുകയായിരുന്നു. മണ്ഡലേശ്വരനെ മാട്ടുമേയ്ക്കുന്നവനായി മാറിയ ആ വ്രതത്തിന്റെ സമ്പ്രദായംകൊണ്ടു ഹൃദ്യമാണല്ലോ. അതിന്നിടവരുത്തിയ മനോവ്യാകുലതയുടെ തീവ്രതയും അസഹ്യതയും. അതിന്റെ ഒരേകദേശസ്വരൂപമാണ്. കാളിദാസൻ

"ആസ്വാദവദ്ഭിഃ കബളൈസ്തൃണാനാം
കണ്ഡൂയനൈർദംശനിവാരണൈശ്ച
അവ്യാഹതൈഃ സ്വൈരഗതൈശ്ച തസ്യാഃ
സമ്രാട് സമാരാധന തൽപരോഭൂൽ"

എന്ന ശ്ലോകത്തിൽ വർണ്ണിച്ചുകാണിച്ചിട്ടുള്ളതു്.

മനോരഥപ്രാപ്തി വ്രതത്തിന്റെ നിർവിഘ്നമായ നിർവ്വഹണത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന വിശ്വാസവും അതിലെന്തെങ്കിലും വിട്ടുവീഴ്ച വന്നുപോയാൽ പിന്നത്തെ സ്ഥിതി എന്തായിരിക്കുമെന്ന ഭയവും രാജാവിന്റെ അന്തഃകരണത്തിൽ അങ്കുരിപ്പിച്ച സമ്മിശ്രവികാരങ്ങളുടെ സമ്മർദ്ദത്തിൽനിന്നു സഞ്ജാതമായ ഒരു സാങ്കല്പികസംഭവത്തെയാണ് വസിഷ്ഠധേനുവിന്റെ ആ മായാപ്രയോഗം ചിത്രീകരിക്കുന്നതു്.

ദുഷ്ടജന്തുക്കൾക്കെന്നുവേണ്ടാ അന്തകന്നുപോലും അടുക്കാനരുതാത്ത ആ ദിവ്യധേനുവിനെ ആരും ഉപദ്രവിക്കാനിടയില്ലെന്ന വിശ്വാസത്തോടുകൂടി, ദിലീപന്റെ ദൃഷ്ടി യദൃച്ഛയാ ഹിമവൽപ്രദേശങ്ങളുടെ രാമണീയകത്താൽ ആകൃഷ്ടമായിത്തീരുന്നതിൽ യാതൊരസാംഗത്യവും ഇല്ല. പക്ഷേ, നിർഭാഗ്യവശാൽ ആ തക്കംനോക്കി വല്ല ദുഷ്ടമൃഗവും വന്നു പശുവിനെ ആക്രമിക്കുകയാണെങ്കിൽ തനിയ്ക്കു നേരിട്ടേക്കാവുന്ന അപകീർത്തിയേയും അതിനെത്തുടർന്നനുഭവിക്കേണ്ടിവരുന്ന അനർത്ഥങ്ങളേയും കുറിച്ചുള്ള ഭയാശങ്കകൾ രാജാവിന്റെ അന്തഃകരണത്തെ ഒരു ദുസ്സ്വപ്നത്തിലേക്കു വലിച്ചിഴച്ചുകൊണ്ടു പോയിരിക്കാം. പശുവിന്റെ പുറത്തു ചാടിവീണ സിംഹത്തെ കണ്ടതും അതിന്റെ നേരെ തൊടുക്കാനുദ്ദേശിച്ച ശരം തൊടുക്കാൻ സാധിക്കാതെ കൈ സ്തംഭിച്ചുപോയതും ആ സ്വപ്നത്തിലായിരിക്കണം. "മന്ത്രൌഷധിരുദ്ധവീര്യ"നായ സർപ്പത്തെപ്പോലെ നിസ്സഹായാവസ്ഥയിലെത്തിയാലുള്ള അനുഭവം ഭയകമ്പിതമായ ഹൃദയത്തോടുകൂടി അദ്ദേഹം അപ്പോൾ വിഭാവനം ചെയ്തിരിക്കാം!

---

ആ മഹാന്മാരെയറിവുള്ളവരും, നി-
സ്സീമമാം പ്രാഭവമുള്ളവരും
മാത്രമേകാര്യമായ് മാനിച്ചിരുന്നുള്ളു;
വസ്തുതയിന്നതല്ലെന്നുവന്നു.
ലോകാഭിവൃദ്ധിക്കുതകും വിധം നല്ല
പാകത്തിൽ ദേശീയകാവ്യാമൃതം
ഏകുവാനിന്നത്തെ സ്സൽക്കവിരാജാക്ക-
ളാകെസ്സമർത്ഥരാണെന്നുവന്നു
അത്തരക്കാർക്കു ഗുരുഭൂതനായി, സ്സ-
ദ്വൃത്തനായ്, സ്സർവ്വകലാവിലാസാൽ
വിസ്തുലകാന്തിയാൽ മാന്യമെൻ വള്ളത്തോൾ
നിത്യമഖിലർക്കുമാരാധ്യനാം.

പാത്രമറിഞ്ഞുള്ള ദാനവും, മാവിധം
ഗോത്രമറിഞ്ഞുള്ള കന്യകയും
സ്തുത്യമാണാർക്കു, മതുവിധമർപ്പിതം
പ്രത്യേകിച്ചിത്തവ്വിലീബിരുദം.
ആകയാലാത്മാർത്ഥമായഭിനന്ദിക്കാ-
മാളരപൂർവ്വമധികൃതരെ.
"കേരളസംസ്ഥാനാസ്ഥാനകവിപ്പട്ടം"
ചാരുതരാഭയാൽച്ചാർത്തിമേന്മേൽ
മിന്നുംഭവാനെയനുമോദിപ്പൂ ഞങ്ങ-
ളൌന്നത്യമാർന്നവിടുന്നീമന്നിൽ,
ആകല്പമുല്ലസിച്ചാലും, ജഗദീശൻ
നൽകും ചിരായുസ്സും, തേജസ്സുംതേ.

ആ യോദ്ധാക്കളുടെ മാറെറാലി മാത്രമായിരുന്നു രാജാവും സിംഹവും തമ്മിൽ നടന്ന സംഭാഷണം. “മന്യേവാദം” എന്നു കവി ഈ സന്ദർഭത്തിൽ പ്രയോഗിച്ചിട്ടുള്ളതു തികച്ചും ഉചിതമായിട്ടുണ്ട്. ആ വാദപ്രതിവാദങ്ങൾ വാസ്തവത്തിൽ ദിലീപഹൃദയത്തിൽ നടന്നവതന്നെ ആയിരുന്നു. ഒരു വിഷയത്തെക്കുറിച്ചു നമുക്ക് എത്രത്തോളം ഔത്സുക്യം വർദ്ധിക്കുന്നുവോ അത്രത്തോളംതന്നെ അതിനു നേരിട്ടേക്കാവുന്ന വിഘാതങ്ങളെപ്പററിയുള്ള ആശങ്കകളും വർദ്ധിച്ചുവരുന്നതു സാധാരണയാണ്. എത്ര അസംഭാവ്യങ്ങളായ ഗതികളും നാം ആ സന്ദർഭങ്ങളിൽ സംഭാവ്യസരണിയിലെത്തിക്കുവാൻ അനാവശ്യമായി മിനക്കെടുകയും ചെയ്യാറുണ്ട്. അങ്ങിനെയാണ് സാധാരണയിൽനിന്നു പലവിധത്തിലും വ്യത്യസ്തമായ ഒരു സിംഹത്തെ ദിലീപൻ അവിടെ ആവിഷ്കരിക്കാനിടവന്നത്. ഋഷിപ്രഭാവത്താൽ നന്ദിനി “ദുർദ്ധർഷ” യാണെന്നു അദ്ദേഹത്തിന്റെ വിശ്വാസബുദ്ധി ഒരുവശത്തുനിന്നുപദേശിക്കുമ്പോൾ, ഋഷിപ്രഭാവത്തെക്കാൾ ഉപരിയായ ചില ശക്തികൾ ഉണ്ടായേക്കാമെന്നൊരഭിപ്രായം മറുവശത്തുനിന്നു കേൾക്കാറാവുകയും, അതു ആപല്ക്കരമല്ലെന്നു വരുത്തിക്കൂട്ടുവാൻ ചില യുക്തികൾ അദ്ദേഹത്തിൽതന്നെ പുറപ്പെടുകയും ചെയ്യുന്നു. സ്കന്ദമാതാവിനാൽ സ്വന്തം കൈകൊണ്ടു നനച്ചുവളർത്തപ്പെട്ടതും, അതുനിമിത്തം പരമേശ്വരനാൽ പുത്രീകൃതവുമായ ഒരു ദേവദാരുവൃക്ഷവും അതിന്റെ കാവൽക്കാരനായിട്ടൊരു കുംഭോദരനും, അയാൾക്കു “അകാശതന്ത്രപ്രവൃത്തി” യായ ഒരു സിംഹരൂപവും കല്പിതമായിത്തീർന്നതു ആശങ്കകൾ വഴിക്കാണ്.

സ്വദേഹം സിംഹത്തിനു ബലിയായർപ്പിച്ചുകൊണ്ടു നന്ദിനിയുടെ മുമ്പിൽ സാഷ്ടാംഗമായി വീണപ്പോൾ മാത്രമേ രാജാവ് ആ ദുസ്സ്വപ്നത്തിൽ നിന്നുണർന്നുള്ളു.

“ഉത്തിഷ്ഠവത്സേത്യമൃതായമാനം
വചോനിശമ്യോത്ഥിതമുത്ഥിതസ്സൻ
ദദർശരാജാ ജനനീമിവ സ്വാം
ഗാമഗ്രതഃ പ്രസ്രവിണീം ന സിംഹം”.

അമ്മയെപ്പോലെ മുമ്പിൽ കൺകുളിർക്കെ കണ്ട ആ പുണ്യധേനു മാത്രം പരമാർത്ഥമായിരുന്നു; മറെറല്ലാംവെറും സ്വപ്നവും.

സൂര്യവംശരാജാക്കന്മാരാൽ പരിത്യക്തയായ അയോദ്ധ്യയുടെ അധിദേവത കുശാവതിയിൽ പാർപ്പുറപ്പിച്ച കുശന്റെ മുമ്പിൽ ഒരു പ്രോഷിതഭർത്തൃകയുടെ ഭാവത്തിൽ ആവിർഭവിക്കുന്ന ഘട്ടത്തെക്കുറിച്ചാണു ഇനി പറയാനുള്ളത്. ശ്രീരാമചന്ദ്രൻ അനുജന്മാരൊന്നിച്ചു അയോദ്ധ്യ വിട്ടപ്പോൾ അയോദ്ധ്യാവാസികളും അവരെ അനുഗമിച്ചിരുന്നു. വളരെക്കാലം രഘുവംശരാജധാനിയായി പ്രരിലസിച്ചിരുന്ന അയോദ്ധ്യ അതുനിമിത്തം ദയനീയാവസ്ഥയിലെത്തിച്ചേർന്നു. അച്ഛനും ഇളയച്ഛന്മാരും ദിവംഗതരായശേഷം താനുൾപ്പെടെയുള്ള പുത്രന്മാർ ഓരോ ദിക്കിലേക്കായി പിരിഞ്ഞുപോയതിനെക്കുറിച്ചും, കീഴ്ക്കിടെ കഴിഞ്ഞ ഓരോ സംഭവങ്ങളെക്കുറിച്ചും ചിന്തിച്ചുകൊണ്ടു ഉറക്കംവരാതെ കിടന്നിരുന്ന കുശന്റെ മുറിയ്ക്കകത്തു അർദ്ധരാത്രിസമയത്തൊരു സ്ത്രീസ്വരൂപം പ്രത്യക്ഷപ്പെട്ടതായിട്ടാണു കവി വർണ്ണിച്ചിരിക്കുന്നത്.

“അഥാർദ്ധരാത്രേസ്തിമിതപ്രദീപേ
ശയ്യാഗൃഹേ സുപ്തജനേ പ്രബുദ്ധഃ
കുശഃ പ്രവാസസ്ഥകളത്രവേഷാം
അദൃഷ്ടപൂർവാം വനിതാമപശ്യൽ.”

എന്ന ശ്ലോകത്തിലെ ഓരോപദവും കുശന്റെ അപ്പോഴത്തെ മനഃസ്ഥിതിയ്ക്കനുരൂപമായ പശ്ചാത്തലത്തെ നിർമ്മിയ്ക്കുന്നതിനു അത്യന്തം ഉപയുക്തമായിത്തീർന്നിട്ടുണ്ട്. വളരെക്കാലം ഐശ്വര്യസ്ഥിതിയിൽ കഴിഞ്ഞിരുന്ന നഗരം ജനവാസശൂന്യമായിത്തീർന്നാലുള്ള ദുരവസ്ഥയെ കുശൻ മനോദർപ്പണത്തിൽ കാണുകയായിരുന്നു. കാമുകസങ്കേതത്തിലേക്കു പോകുന്ന കാമിനികളുടെ കളനൂപുരശബ്ദം കേൾക്കാറുണ്ടായിരുന്ന രാജമാർഗ്ഗങ്ങൾ കുറുനരികളുടെ സഞ്ചാരസ്ഥലങ്ങളായിത്തീർന്നു. സുന്ദരാംഗികളുടെ ജലവിഹാരരംഗങ്ങളായിരുന്ന കുളങ്ങളിൽ കാട്ടുപോത്തുകളാണിപ്പോൾ പുളച്ചുകളിയ്ക്കുന്നത്. വെള്ളവീശാതെ കറുത്തിരുണ്ട മാളികകളിൽ അവിടവിടെ പുല്ലു മുളച്ചിരിക്കുന്നു; ജനലുകൾ, മാറാലമൂടിക്കിടക്കുന്നു. എന്നുവേണ്ട ശൂന്യതയുടെ പര്യായമായിട്ടാണ് അയോദ്ധ്യയുടെ അപ്പോഴത്തെ സ്ഥിതി. പുരാതനവും ബഹുമാന്യരായ കുലപൂർവരുടെ ചിരസമ്പർക്കത്താൽ പരിപാവനവുമായ അയോദ്ധ്യയെ അങ്ങിനെ അനാദരിക്കുന്നതിന്റെ അനൌചിത്യത്തിൽ കുശനു കലശലായ അന്തസ്താപം ജനിച്ചതിനെയാണു പുരാധിദേവതയുടെ ആ ചിത്രംവഴിയ്ക്കു കാളിദാസൻ വർണ്ണിച്ചിരിക്കുന്നത്. അതനുസരിച്ചു പിറേറന്നുതന്നെ കുശൻ കുശാവതിയെ ശ്രോത്രിയന്മാരിൽ സമർപ്പിച്ചു കുലരാജധാനിയ്ക്കു തിരിച്ചുപോകുവാൻ തീർച്ചയാക്കി.

മനുഷ്യഹൃദയത്തിന്റെ ഗതിവിഗതികളുടെ അവഗാഹജ്ഞാനമുള്ള മഹാകവികൾക്കുമാത്രമേ അഭൌമസംഭവങ്ങൾക്കു ലൌകികദൃഷ്ട്യാ സമീചീനതയുണ്ടാക്കിത്തീർക്കുവാൻ സാധിയ്ക്കുകയുള്ളു.

# ശ്രീ ശങ്കരാചാര്യർ.

(—തുടർച്ച—)

(ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. എ, എൽ. ടി.)

## തീർത്ഥയാത്ര.

"സമസ്താപരാധം ക്ഷമിച്ചാലുമമ്മേ,
നമസ്കാരം" എന്നു യാത്രാമുഖത്തിൽ,
സമർത്ഥിച്ച സന്ന്യാസിബാലൻ, ഗൃഹംവി-
ട്ടുമോദം പുറപ്പെട്ടു പുണ്യാത്മശീലൻ. 20

വനം സഞ്ചരിച്ചും, വരേണ്യാപഗാതീ-
വനമജ്ജനം ചെയ്തുമീയാർഷഭൂവിൽ
അനേകപ്രദേശങ്ങൾ ദർശിച്ചു, തീർത്ഥാ-
ടനേകാഗ്രതാപൂർവ്വപൂർവ്വം പ്രബുദ്ധൻ. 21

ഹരിദ്വാരമുഖ്യാദ്രിവാരാണസീശ്രീ-
ഹരിദ്വാരമുദ്രാങ്കവൃന്ദാവനാദി,
വരിഷ്ഠാമരാപുണ്യസമ്പൂർണ്ണനാനാ-
പരിജ്ഞാനകേന്ദ്രങ്ങളും ദർശിച്ചു ദേവൻ. 22

ഉദാരപ്രദേശത്തു മദ്ധ്യാത്മചിന്താ-
പ്രവരാഗ്രവേദാന്തവാദാങ്കണത്തിൽ,
വിരോധിച്ച വിദ്വജ്ജനങ്ങൾക്കു, ലക്ഷ്യാ-
കരോദാരവൈദഗ്ദ്ധ്യമെല്ലാം വെളിച്ചു. 23

സദാമേധയാ വിദ്യയാ ശാന്ത്യ,വിശേഷി-
ച്ചുമത്തത്ത്വവിജ്ഞാനഭാരാർത്ഥമെല്ലാം;
ക്രമേണാത്മശിഷ്യപ്രശിഷ്യപ്രശിഷ്യ,ര-
സമേതൻ ഭവാൻ ശങ്കരാചാര്യനായാൻ. 24

## മാതൃനിർവ്വാണം.

ഇടയ്ക്കന്നൊരിക്കൽ, ഭവാൻ ദിവ്യദൃഷ്ടി-
സ്ഫുടക്കണ്ണയാലമ്മ ശയ്യാതലത്തിൽ,
കിടക്കുന്നു രോഗാർത്തയായെന്നു കണ്ടി-
ട്ടുടൻ തത്സമീപത്തു ചെന്നെത്തിയല്ലോ. 25

ജനിത്രിക്കു വേണ്ടുന്ന ശുശ്രൂഷയെല്ലാം
തനിച്ചാചരിച്ചാത്മശാന്തിക്കുമപ്പോൾ,
മുനിശ്രേഷ്ഠമൌലേ, *ഭുജംഗപ്രയാത-
ച്ഛന്ദസ്സ്തോത്രരത്നങ്ങളാരചിച്ചു. 26

* ശിവഭുജംഗം, വിഷ്ണുഭുജംഗം, ദേവീഭുജംഗം—ഈ സ്തോത്രങ്ങളെ അമ്മ മൃത്യുസന്നിധ്യത്തിൽ വേദനകൊണ്ടും, ഭയംകൊണ്ടും ഉഴന്നപ്പോൾ അങ്ങ് (ഭവാൻ) അടുത്തിരുന്നു ജപിച്ചു ചൊല്ലിക്കേൾപ്പിച്ചു.

പ്രിയപ്പെട്ട മാതാവിനന്ത്യക്രിയാനു-
ക്രിയയ്ക്കുന്നു; ചേരാതെയാഢ്യദ്വിജന്മാർ,
കയർത്തീർഷ്യയാൽ മാറി; ആശങ്കയെന്യേ
സ്വയം പ്രേതകാര്യങ്ങളെ *ങ്ങാചരിച്ചു. 27

* അങ്ങ് ഭവാൻ.

പണിക്കർക്കുമാറിട്ടുന്നും ജ്യോതികൾക്കു—
പ്പുണിക്കുന്നിതർ [illegible] മെന്നാക്കിവച്ചു;
ഗണിക്കാതെ [illegible]
[illegible] 28

* അങ്ങ് = ഭവാൻ.

## ജൈത്രപ്രശംസനം.

സമർത്ഥിച്ച വർണ്ണാശ്രമസ്വധർമ്മങ്ങളെത്തി-
സ്സമാസം [illegible] ചെയ്തു, സംപ്രദായ [illegible]
[illegible] കൊണ്ടു, വിദ്വ—
[illegible] 29

സർവ്വജ്ഞാധിപത്യം സമുൽക്കടമായ് നേ—
ടി [illegible]
[illegible] —
[illegible] കവിതാനാം കൂടിച്ചു. 30

## ഹിന്ദുമതപുനരുദ്ധാരണം.

ജിനശാക്യബൌദ്ധാദിമതാവലംബി [illegible]—
ജനങ്ങൾക്കിളക്കുന്ന വേദാന്തനിന്ദ
അനർഹമാക്കാൻ ഹിന്ദുസംസ്കാരസത്യ—
പുനഃസ്ഥാപനം വേണ്ടതായിട്ടിരുന്നു. 31

## കലാപ്രണയം.

തരത്തിൽ പ്രയത്നിച്ചു, മനനസാന്ദ്ര—
പ്രദാപ്രൌഢസാഹിത്യസമ്പാദനത്തിൽ,
ഉടനെത്തുമാറുചെയ്തുമുൽകൃഷ്ടമാകാൻ—
വിശിഷ്ടാർത്ഥനിയ്ക്കുമ്പോൾ പാത്രീഭവിച്ചു.

* അങ്ങ്—ഭവാൻ 32

## സർവ്വജ്ഞപീഠാരോഹണം.

ശ്രുതാദർശസാഹിത്യസംഗീതശാസ്ത്ര—
സപര്യാവലംബപ്രധാനം നിമിത്തം,
സദായോഗ്യസർവ്വജ്ഞപീഠത്തിലേറി—
പ്രകാശിച്ച വിജ്ഞനെന്നോർത്ത, തൊഴുന്നേൻ. 33

## പ്രേഷണം. (Mission.)

സപദാഹതക്രമത്തെഗ്ഗണിക്കാതെ, തത്രൈവ—
പദേശപ്രകാരം പ്രകാമം പരത്താൻ
വിദേശാടനം ചെയ്തു വീണ്ടും പ്രയാതാ
പദേശാടകം *ചാരുകാഷായമേന്തി. 34

* ചാരുകാഷായം ശാടകം ഏന്തി എന്നന്വയം

## വീണ്ടും കലോപാസനം.

വിശിഷ്ടങ്ങളാമുള്ള ഭാഷ്യങ്ങളും, സ്തോത്ര—
ഭജിപ്പാൻ സ്വഭക്തിക്കു വേണ്ടുന്ന സങ്കീർത്തനങ്ങളും,
വിശിഷ്ടത്രിവർഗ്ഗപ്രബന്ധങ്ങളും—ഭേദ—
നശിക്കാത്ത സാഹിത്യരത്നങ്ങളും രചിച്ചു. 35

* അങ്ങ് ഭവാൻ

### വിദ്യാപീഠസ്ഥാപനം.

കലാശ്രീരംഗങ്ങളാക്ക കാഞ്ചീപുരാദി-
സ്ഥലാഭിജ്ഞതകേന്ദ്രങ്ങളംഗീകരിച്ചു;
സ്വലാഭേച്ഛയെന്യേ, ഭവാൻ വേദവിദ്യാ-
വിലാസം വികാസം വരിക്കാൻ ശ്രമിച്ചു. 36

### യോഗശക്തി.

*വിമാനങ്ങളും, തീവണ്ടി, മോട്ടാറു, വിദ്യുൽ-
ഭ്രമാവേഗസംയാത്ര-സംക്ഷേപണങ്ങളും-
സമാഗ്ഗങ്ങളിത്യാദി-യില്ലാത്തകാല-
ത്തമാന്തിച്ചതില്ലങ്ങ യോഗാഗമത്തിൽ. 37

*വിദ്യുത്...സംയാത്ര=വിദ്യുൽഭ്രമണത്തിന്റെ വേഗത്തിലുള്ള കടൽയാത്ര. സംക്ഷേപണങ്ങളും=ചുരുക്കലുകളും. ഇവയെല്ലാം യാത്രയെ ചുരുക്കാനുള്ളവകളാണല്ലോ. ഇവയുടെ അഭാവങ്ങളിലും അങ്ങ് [ഭവാൻ] നിശ്ചിതസമയത്ത് ഓരോ യോഗത്തിൽ [സമ്മേളനത്തിൽ) എത്തിച്ചേർന്നു. അതു ദിവ്യമായയോഗശക്തികൊണ്ടായിരുന്നു.

### ഹ്രസ്വജീവിതം.

ഇങ്ങലാം ഹ്രസ്വമായുള്ളൊരായുസ്സിനുള്ളിൽ,
കലോപാസനം ചെയ്തുവിശ്രാന്തനായി,
പ്രലോഭങ്ങളെന്യേ, പ്രണാമാർഹവിദ്വൽ-
കുലോത്തംസമായീ ഭവാൻ, ഭാസുരാത്മൻ. 38

### സമാധിക്കുശേഷം.

സമാധിക്കുശേഷം സഹസ്രാംശുവൃത്ത്
സമാസംഭ്രമാവർത്തനം സംഭവിച്ചു;
സമാരാദ്ധ്യനായിട്ടു തീരുന്നു മേലാൽ
ശ്രീമാൻ ശങ്കരൻ-ശങ്കരാചാര്യതുല്യൻ. 39

### കൃതജ്ഞത.

കലാനാഥചൂഡാമണേ, കല്പകോദ്യാ-
വിലാസ സജ്ജപാണ്ഡിത്യസാഹിത്യകാരിൻ,
സുധാവർണ്യമാലാതപദിയാത്മലീലാ- 40
ഫലാസ്വാദനത്താൽ കൃതാർത്ഥൻ, വിഭോ, ഞാൻ.

### ഫലശ്രുതി.

*ചരിത്രാത്മരൂപത്തിലിസ്തോത്രമാരു-
ച്ചരിക്കുന്നതായാളിനായാസമെന്യേ,
ശരിക്കന്ധകാരം നശിച്ചാത്മബോധം
സ്ഫുരിക്കും മനോജ്ഞമാമാമോദപഥത്തിൽ. 41

*ചരിത്രവിഷയരൂപത്തിലുള്ള
സ്തോത്രം.

പകർപ്പവകാശം


## ജാതകാദേശമാർഗ്ഗം.

സദ്രത്നദീപികാ എന്ന വിസ്തൃതവ്യാഖ്യാനം. വില 5ക മാത്രം.

വിദ്വാൻ ശ്രീ. മഞ്ഞളൂർ കളരിക്കൽ കെ. അച്യുതപ്പണിക്കരവർകളുടെ ഒരൊന്നാംതരം വ്യാഖ്യാനമാണിത്. ജ്യോതിഷപണ്ഡിതർ പുലിയൂർ പി. എസ്സ്. പുരുഷോത്തമൻനമ്പൂതിരി അവർകളുടെ സാരഭൂയിഷ്ഠമായ അവതാരിക പ്രേക്ഷകന്മാരുടെ ചിത്തവൃത്തികളെ ഹഠാദാകർഷിക്കുന്ന വ്യാഖ്യാനധോരണിയിലൂടെ വിഷയജ്ഞാനശക്തിയാൽ വിലയംപ്രാപിപ്പിക്കുന്ന നില നിങ്ങളെ കോൾമയിർക്കൊള്ളിക്കാതിരിക്കയില്ല. ഇതാ ചിറ്റൂർ [കൊച്ചിൻ] വേണുഗോപാലമുദ്രണാലയത്തിൽ അച്ചടിപ്പിച്ചു വരുന്നു. ഇന്നുതന്നെ നിങ്ങളുടെ ഓർഡറിനെ താഴെകാണുന്നവിലാസത്തിൽ എഴുതിച്ചോദിച്ചു റജിസ്റ്റ് ചെയ്യുവിൻ.

**K. A. Damodara Panikkar,**
P. O. Mannalur, (Via) Koduvayur, Malabar.

ചെറുകഥ.

# ജാനുവിന്റെ ഭാഗ്യം.

(ശ്രീ. പി. എൻ. മൂസ്സത്, ബി. ഏ. എൽ. ടി)

താലൂക്കുമേനവന് ഒരു വാശി-ജാതകം പൊരുത്തമായി യോജിക്കാത്ത ഒരു വരന് തന്റെ മകളെ വിവാഹംചെയ്തുകൊടുക്കില്ലെന്ന്. മേനവന്റെ ഭാര്യ കല്യാണിയമ്മയ്ക്കാണെങ്കിൽ മകളുടെ വിവാഹത്തിനുള്ള ധൃതി പരമോച്ചം പ്രാപിച്ചുനില്ക്കയും ചെയ്യുന്നു. കല്യാണിയമ്മ അല്പമൊന്നു കടന്നുപറയാൻതന്നെ തീർച്ചയാക്കി. "വരുന്നവരുന്ന ജാതകങ്ങളെല്ലാം ആ ദോഷം, ഈ ദോഷം എന്നു പറഞ്ഞുമടക്കിയാൽ മകളു് ഇരുപ്പുപരകയാവും, അത്രയുള്ളൂ". ഈ വാക്ശരങ്ങൾ തറച്ചു മേനോൻ ഒന്നു ചുളുങ്ങി. പക്ഷെ, സാധാരണ ഭർത്താക്കന്മാരെപ്പോലെ മേനോൻ, വള്ളത്തോളിന്റെ ഭാഷയിൽ "ജായാഭീരു" വല്ലാതിരുന്നതിനാൽ ഉടനെ മറുപടികൊടുത്തു-"കല്യാണി, നിനക്കെന്തറിയും? ശാസ്ത്രവിരുദ്ധമായ വിവാഹംനിമിത്തം എത്ര അപകടങ്ങളാണുണ്ടായിട്ടുള്ളത്? ദോഷം ഉണ്ടെന്നറിഞ്ഞുകൊണ്ട് വിവാഹം നടത്തിയാൽ, പിന്നെ അപകടംവരുമ്പോൾ ഉണ്ടാവുന്ന പശ്ചാത്താപം എങ്ങിനെ സഹിക്കും?" ഇതിനു പ്രത്യുത്തരമായി കല്യാണിയമ്മയിൽനിന്നു "വൈദ്യന്റെ അമ്മ പുഴുത്തുചത്തു. ജ്യോത്സ്യന്റെ മകൾ അറുത്തുവന്നു, എന്നു അമ്മമ്മമാർ പറയുമ്പോലെതന്നെയാവും നോക്കിനോക്കി" എന്നൊരു ഉദ്ഗാരം മാത്രം ഉണ്ടായി. മേനോന്റെ വദനം ഇങ്ങനെ മൗനമുദ്രിതമായി. ജാനുകുട്ടിയ്ക്ക് ഒടുവിൽ സംബന്ധാലോചനയുണ്ടായത് ആനന്ദപുരം ജില്ലയിലെ ഒരു ജില്ലാഉദ്യോഗസ്ഥനായ മാധവൻനായരിൽനിന്നായിരുന്നു. അത്യന്തം സ്പൃഹണീയനായ ഒരു വരനായിരുന്നു അദ്ദേഹം. എങ്കിലും കുടുംബജ്യോത്സ്യനായ കപ്പാണ്ടിഎഴുത്തച്ഛന്റെ നോട്ടത്തിൽ ശുക്രദശയുണ്ടായതിനാൽ ജാതകങ്ങൾ ചേർക്കാൻ പാടില്ലെന്നു കണ്ടുകിട്ടി. യാതൊരു സംശയവുംകൂടാതെ താലൂക്കുമേനവൻ ആ ആലോചന ഉപേക്ഷിച്ചു. മേനവനു 3000 പറ നെല്ലു പാട്ടത്തിനുള്ള ഭൂസ്വത്തും ഇമ്പീരിയൽബാങ്കിൽ ഒരു ലക്ഷം ഉറുപ്പിക ഡെപ്പോസിറ്റും ഉള്ളതിനാൽ പണക്കാരിലൊന്നും ആയാൾക്ക വലിയ ഭ്രമമില്ല. താനും ഭാര്യയും ഏകപുത്രിയായ ജാനുകുട്ടിയും മാത്രമേ കുടുംബത്തിൽ അംഗങ്ങളായിട്ടുള്ളുതാനും. ജാനുവിനും അവളുടെ അമ്മയ്ക്കും സർവ്വവിധവിഭവങ്ങളും സുഖങ്ങളും സമൃദ്ധമായിരുന്നു. സ്കൂൾഫൈനൽ പാസ്സായതോടുകൂടി ജാനുവിന്റെ പഠിപ്പു മതിയാക്കി. പെൺകുട്ടികൾക്ക വളരെ ഉയർന്ന വിദ്യാഭ്യാസം കൊടുക്കുന്നതു തെററാണെന്നാണ് താലൂക്കുമേനവന്റെ അഭിപ്രായം. മകൾക്ക 17 വയസ്സായിരുന്നതുകൊണ്ട് മേനവന്റെ ചിന്ത എപ്പോഴും വിവാഹകാര്യത്തിലായിരുന്നു.

"ജാതേതികന്യാമഹതീഹചിന്താ
കസ്മൈപ്രദേയേതിമഹാൻവിതർക്കഃ
ദത്താസുഖംപ്രാപ്സ്യതിവാനവേതി
കന്യാപിതൃത്വംഖലുനാമകഷ്ടം."

എന്ന് താലൂക്കുമേനവർ ചിലപ്പോൾ നേരമ്പോക്കായി കല്യാണിയമ്മയോടുപറയും. അപ്പോൾ ഒരിക്കലും മടങ്ങാത്ത ആ അമ്മയുടെ രസനയിൽനിന്ന് "ഓ; നാട്ടിൽ വേറെ ആരുമില്ല. ഇതൊന്നും! ഓരോരുത്തർക്ക് എട്ടും പത്തും പെൺകുട്ട്യോളാ. അപ്പൊ അവരടെ കാര്യമോ?" എന്നിങ്ങനെ സരസ്വതി നിസ്സരിക്കും. അതിനു മേനോനു ഉത്തരം കാണാതെ പരുങ്ങും.

മുകളിൽ പറഞ്ഞ സംഭാഷണത്തിനു ശേഷം മൗനിയായി മി. മേനോൻ ചാരുകസേരയിലിരിക്കെ വാതില്ക്കൽ വീട്ടിൽവലിയ ഗോവിന്ദൻനായർ അവിടെ വലിഞ്ഞുകയറി താണുതൊഴുതു ഓച്ഛാനിച്ചുനിന്നു. വാൽക്കണ്ണാടിപോലെ വിളങ്ങുന്ന വട്ടക്കഷണ്ടിയും, വെൺമഴുപോലെ വെളുത്തുവിലസുന്ന പലകപ്പല്ലുകളും, കാതോളം നീണ്ട മധുരച്ചിരി, അഞ്ചുവിരലുകളിലും മോതിരമണിഞ്ഞ കരങ്ങൾ ചേർത്ത് ബദ്ധാഞ്ജലി, ഈ വിധത്തിൽ പ്രത്യക്ഷപ്പെട്ട ആ സരസനോടു സംഭാഷണം ചെയ്യുവാൻ താലൂക്കുമേനവനു ഒരു രസംതോന്നി.

താ-മേ- ഇരിക്കു, ഗോവിന്ദൻനായര്. എന്താ, ഇങ്ങനെ പുറപ്പെട്ടതാവോ?.

ഗോ-നാ. (പടിയിൽ കുത്തിയിരുന്നുകൊണ്ട് സബഹുമാനം) ഞാൻ ഒരു പുരുഷജാതകം കൊണ്ടുവന്നിട്ടുണ്ട്.

താ-മേ. അതുവ്വോ? ആരുടെയാ?

ഗോ-നാ-ബോംബേ, ഫോർഡ്മോട്ടർ കമ്പനി മാനേജർ ശ്രീ. പി. ഡി. നായരുടെ.

താ-മേ. എവിടത്തുകാരനാണീ പി. ഡി. നായർ?

ഗോ. നാ:- തിരുവനന്തപുരമാണ് സ്വദേശം. ബിലാത്തിയിൽ പോയി പഠിച്ചുവന്നശേഷം ബോംബയിൽ 'ബിസിനസ്സ്' തുടങ്ങിയിരിക്കുന്നു. പ്രായം ഒരു 25 കഴിഞ്ഞു. നമ്മുടെ ജാനുക്കുട്ടിയ്ക്കു നല്ലപാകമാണ്.

താ. മേ:- ജാതകം ചേരുമോ എന്നു നോക്കാം. ആരവിടെ?-(വിളികേട്ടു ഒരു ഭൃത്യൻ വന്നു.) എടാ, അവിടെപ്പോയി ആ കുപ്പാണ്ടിയെ ഒന്നുവരാൻ പറ. ജാതകങ്ങൾ കൂടെ വാങ്ങിക്കൊണ്ടുതന്നിട്ടുപോ." എന്നു ഭൃത്യനോടാജ്ഞാപിച്ചു.

വായകഴുകിയ്ക്കുന്നതിനിടയ്ക്കു ഗോവിന്ദൻനായർ, പി. ഡി. നായരുടെ സൌന്ദര്യം, സ്വഭാവം, സമ്പത്തു എന്നിവയെക്കുറിച്ചു ദീർഘമായ വിവരണങ്ങൾ നല്കി. അതുകേട്ടു താശ്ശേന്നവൻ പറഞ്ഞു. "എനിക്കു സന്തോഷം ഭവിച്ചു. ജാതകം ശരിയാവേണ്ടുന്നു. അതിലാണ് വലിയ കാര്യം." ഇങ്ങനെ സംസാരിച്ചു കൊണ്ടിരിക്കെ കുപ്പാണ്ടിഎഴുത്തച്ഛൻ കടന്നു കവിടിസ്സഞ്ചിയും കയ്യിൽ പഞ്ചാംഗപുസ്തകവുമായി വന്നുകയറി തനിക്കായി ഇട്ടുകൊടുത്തിരുന്ന പുൽപ്പായിൽ ഇരുന്നു. ജാതകങ്ങൾ രണ്ടും എടുത്തു പരിശോധിച്ചശേഷം താശ്ശേന്നവനെ നോക്കി വദനം നിറഞ്ഞ ഒരു പുഞ്ചിരി! "ഇവിടത്തെ ഭാഗ്യവിശേഷം. അല്ലാതെന്തു പറയട്ടെ. ഇത്ര പൂർണ്ണമായ ആനുകൂല്യം ഉള്ള ഒരു ജാതകം കിട്ടാൻ പ്രയാസം. ഈ പൂർവ്വജന്മഭർത്താവിരിക്കെ മററാരെങ്കിലും ഇവിടെ വന്നുപെടുമോ? ഒന്നാമത്- സമസപ്തമം. അവിടുന്നു ഓർക്കുന്നുണ്ടല്ലോ "സ്ത്രീതി സമസപ്തമേ," എന്നല്ലേ പ്രമാണം തന്നെ. സമസപ്തമം കിട്ടാൻ വളരെ ഞെരുക്കമാ. "സമസപ്തമകം ശ്രേഷ്ഠം അപത്യരാതിതേയാദയോ." മററു ദോഷങ്ങളുണ്ടെങ്കിൽ കൂടിയും സമസപ്തമമുണ്ടെങ്കിൽ ചേർക്കാം എന്നാചാര്യർ പറയുന്നു. സ്ത്രീജാതകത്തിലെ അഷ്ടമസ്ഥകുജന് പുരുഷജാതകത്തിൽ ലഗ്നാൽ ഏഴിൽ ചൊവ്വ നല്ല യോജിപ്പായി ഇവിടെ ചന്ദ്രാൽ 7ൽ ശനിയ്ക്കു പകരം അവിടെ ചന്ദ്രാൽ 7ൽ രാഹുവും! എന്തു കൃത്യം! ശുക്രനു പാപാന്തരസ്ഥിതി രണ്ടിലും തുല്യം ഇങ്ങനെ ദോഷസാമ്യം. അതു അ മുറിച്ചുചേർത്തതുപോലെ ബഹുകൃത്യമായിരിക്കുന്നു. കൂട്ടദശ, വേധം, രജ്ജു എന്നീ ദോഷങ്ങളില്ല. വശ്യം, ഗണം, മാഹേന്ദ്രം, സ്ത്രീദീർഘം മുതലായ മിക്ക പൊരുത്തങ്ങളും ഉണ്ട്. ഇതു നമ്മുടെ കുഞ്ഞിന്റെ കഴിഞ്ഞ ജന്മത്തിലെ വരനാണ്. ആയാൾ ഇതാതന്റെ പ്രേമസർവ്വസ്വത്തെ വിധിപ്രേരണയാൽ അന്വേഷിച്ചു വന്നിരിക്കുന്നു. ഒട്ടും സംശയിക്കാതെ ഉടനെതന്നെ വിവാഹം നടത്താം." കല്യാണിയമ്മ വാതില്ക്കൽതന്നെ നില്ക്കുന്നുണ്ടായിരുന്നു. ഭൃത്യന്മാരും ഭൃത്യകളും അമ്മയുടെ പിമ്പിൽ പററിക്കൂടിയിരുന്നു. ഈ വർത്തമാനം സർവ്വരെയും ആനന്ദതുന്ദിലരാക്കി. ജാനുവിന്റെ പൂർവ്വപുണ്യാതിരേകത്തെ എല്ലാവരും മനസാ അഭിനന്ദിച്ചു.

ജ്യോത്സ്യൻ പോയശേഷം താശ്ശേന്നവൻ ഗോവിന്ദൻനായരോടു ബാക്കികാര്യങ്ങളെക്കുറിച്ചു ചോദിച്ചതിൽനിന്നു താഴെപറയുന്ന വസ്തുതകൾ ധരിച്ചു. "പി. ഡി. നായർക്കു സ്ത്രീധനത്തിൽ വലിയ നിഷ്കർഷയില്ല. എന്തുകൊടുത്താലും വിരോധമില്ലെന്ന നിലയാണ്. വിവാഹം ഒരാഴ്ചയ്ക്കുള്ളിൽതന്നെനടത്തണം. വിവാഹം കഴിഞ്ഞു പിറേറന്നുതന്നെ വധുവിനെക്കൊണ്ടുപോകയും വേണം. വീട്ടുകാരായി ആയാൾക്കാരുമില്ലാത്തതിനാൽ ആരോടും ആലോചിക്കാനുമില്ല." താശ്ശേന്നവൻ പറഞ്ഞു "എന്നാലും ആയാളെ ഒന്നു നേരിട്ടു കണ്ടുസംസാരിയ്ക്കാതെ തരമുണ്ടോ?" ഇതു ഗോവിന്ദൻനായർ സമ്മതിച്ചു. രണ്ടുപേരുംകൂടി ബോംബേയ്ക്കു പോകാൻ നിശ്ചയിച്ചു പിരിഞ്ഞു.

## 11

പൂവ്വത്തൂർദേശത്തെ പുതിയ ഒരു ചായപ്പീടികയിൽ "നഹികശ്ചിൽക്ഷണമപിജാതുതിഷ്ഠത്യകർമ്മകൃൽ" എന്നഭഗവദ്ഗീതയുടെ പ്രത്യക്ഷനിദർശനമെന്നമട്ടിൽ ശങ്കരപ്പൻനായർ നേരത്തെ കുളികഴിഞ്ഞു് ഭസ്മാലിപ്തഗാത്രനായി "വെടിക്കൂട്ടം അസോസിയേഷ"ന്റെ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിരിക്കുന്നു. അപ്പോഴേയ്ക്കു പതിവുപോലെ അഭിനവനാരദനെന്ന് അഖിലലോകപ്രസിദ്ധിപെററ അയ്യപ്പമണ്ടാടി അവിടെയെത്തി. പ്രസന്നവദനനായ ശങ്കരപ്പൻനായർ ചങ്ങാതിയെക്കണ്ടു്. "അയ്യപ്പാ വരൂ, എന്തുണ്ടു പട്ടാനാട്ടുവർത്തമാനം?" എന്നു നേരമ്പോക്കായി ചോദിച്ചു.

അ. മ:- പുളിമൂട്ടിൽ താശ്ശേമ്മേനോന്റെ മകൾക്കു വിവാഹം നിശ്ചയിച്ചുവത്രെ!

ശ-നാ: ങ്ഹാ, ങ്ഹാ, ങ്ഹാ- അതുവോ- കേൾക്കട്ടെ കേൾക്കട്ടെ. ആരാ വരൻ. എന്തൊക്കെയാ എങ്ങിനെയൊക്കെയാ?

അ-മ: വരൻ ഒരു പി. ഡി. നായർ- ബോംബോയിലെ ഒരു കാർക്കച്ചവടം ഏജന്റ്- ബിലാത്തിയിൽ പഠിച്ച ആളാണ്- ബോംബേയിൽതന്നെ താമസം- തിരുവനന്തപുരമാ സ്വദേശം- താശ്ശേമ്മേനോൻ ബോംബേയ്ക്കു പോയിരിക്കുണൂന്ന് കേട്ടു.

ശ്രു-നാ:-ശരി. ശരി. ഈ ബോമ്പേക്കാരനെ എങ്ങിനെ പിടികിട്ടി?

അ. മ:-നമ്മുടെ ആ കഷണ്ടിയില്ലേ.

ശ്രു. നാ:-ഏതു കഷണ്ടി. കുട്ടേട്ടനാ?

അ. മ:-ഹേയ് അല്ലാന്ന്. ആ വിവാഹപ്പൊരുത്തുകാരൻ വലിയ ഗോവിന്ദനേ!

ശ്രു. നാ:-ഓഹോ, ഹോ, ഹോ! മൂപ്പരോ, മൂപ്പർക്ക് നല്ല നായാട്ടായല്ലോ? ജാതകം ചേരുന്നോ?

അ. മ:-ഒന്നാന്തരമായിച്ചേരുന്നുവത്രെ. കപ്പാണ്ടി പറഞ്ഞു.

ശ്രു. നാ:-വലിയ കോന്തരച്ചുട്ടന്ന് ഇതിൽ നല്ലൊരു വെട്ടകിട്ടും. എവിടെനിന്നാണപ്പാ ഇയാൾക്കീവിവരങ്ങളൊക്കെകിട്ടണത്? ആൾ ബഹു സരസൻതന്നെ. വീട്ടുകാർമുഖാന്തിരമോ ആലോചന, അതോ നേരിട്ടോ.

അ. മ:-നേരിട്ടതന്നെന്നാ കേട്ടത്. അല്ലെങ്കിൽ തിരുവനന്തപുരത്തെയ്ക്കല്ലേ പോകേണ്ടത്?

ശ്രു. നാ:-തിരുവനന്തപുരത്തെയ്ക്കെന്താ പോകാത്തത്?

അ. മ: അവിടെ ഉററവരായി ആരുമില്ലത്രെ!

ശ്രു. നാ:-അതപ്പോൾ ഇതിൽ ഒരു കളവുള്ളപോലെതോന്നുന്നല്ലോ.

അ. മ:- ഉം അതെന്തു?

ശ്രു. നാ: ബിലാത്തിയിൽ പോയി പഠിച്ചുവന്ന് ഇത്രവലിയ ഉദ്യോഗത്തിലായിരിക്കുന്ന ഈ ചെറുപ്പക്കാരൻ, തന്നേ പൊട്ടിത്തഴച്ചതോ? 25 വയസ്സായപ്പോഴെക്കും വംശം പെട്ടെന്നു കുററിയററുവോ? എനിക്കതിൽ വിശ്വാസം വരുന്നില്ല.

അ. മ:-എന്താ? അങ്ങനെയും വരാമല്ലോ.

ശ്രു. നാ:-ആ വഞ്ചിയ്ക്കൽ കോമരമിതിലില്ലായിരുന്നുവെങ്കിൽ ഞാനും അതു വിശ്വസിക്കുമായിരുന്നു. പക്ഷെ ആ വട്ടകഷണ്ടി പററിക്കൂടിയേടം കുട്ടിച്ചോറായിട്ടാണ് കണ്ടിട്ടുള്ളത്. തങ്ങൾക്കെന്നോണം അടുത്തെവിടെയെങ്കിലും ബന്ധം മതിയായിരുന്നു. ആളുകളുടെ മോഹമല്ലേ വലപ്പിയ്ക്കുന്നത്. എന്തൊക്കെയാ തമാശ എന്നു കാണാമല്ലോ. ആ കഷണ്ടിയെക്കണ്ടാൽ വിവരം സൂക്ഷ്മത്തോളം ചോദിച്ചറിയണം കേട്ടോ.

അ. മ:- വിശേഷായി! ആ പോരക്കണ്ണനോ? അവന്റെ വായിൽനിന്ന്, സത്യമായ ഒരു വാർത്തയോ? അതു രാത്രിയിൽ സൂര്യപ്രഭയ്ക്കു കാംക്ഷിക്കുന്നമട്ടിലാ!

ശ്രു. നാ:-അതു ശരിയാ. പക്ഷെ എവിടെനിന്നെങ്കിലും വല്ല വിവരവും കിട്ടിയാലറിയിക്കണം, കേട്ടോ.

## III

പൂവ്വത്തൂരംശത്തിൽ ഒരാഴ്ചയായി പുളിമൂട്ടിൽ ജാനുക്കുട്ടിയുടെ വിവാഹവാർത്തയല്ലാതെ ഒന്നും കേൾപ്പാനില്ല. കാലത്തു കാപ്പികഴിഞ്ഞു കാരണവരെ പറഞ്ഞുവിട്ട കുളിപ്പാൻവന്ന പാറുമുത്തശ്ശിയുടെ ചുററും ചെറുക്കെട്ടപ്പെണ്ണുങ്ങൾ കുറെ കൂടിയിരിക്കുന്നു.

പാറുമുത്തശ്ശി:- കണ്ടോടി, ചിരു, ആ ജാനുവിന്റെ ഭാഗ്യം. അതല്ലേ തലയിലെഴുത്ത്. ആ പിടികനായരു, എന്തു പണക്കാരൻ. കുന്നിന്റമ്പ്രകൻ. തേജസ്സുള്ളക്കുന്നു. പവന്റെ വട്ടപോലിരിക്കുന്നു നിറം.

ചിരു:- പീടികനായരല്ല പാറുമുത്തി, പി. ഡി. നായരു.

പാ. മു: പോപെണ്ണേ. പെണ്ണിന്റെ ഒരു വ്യാഖ്യാനം. ഓ നീ പടച്ചുകാരത്തന്നെ എല്ലാക്കുമറിയാ.

പാ. മു:-കിട്ടോ ചിരു. ഞാൻ ആയാളുടെ വെരമോതിരത്തിന്റെ വെളിച്ചം കണ്ടപ്പോളെ നമ്മുടെ പിള്ളരു പറയുന്ന "എലിത്തിരി" വിളക്കില്ലേ അതാണെന്നു കരുതികിട്ടോ. ആയാളുടെ സ്വർണ്ണവാച്ചും ചങ്ങലയ്ക്കുംകൂടി 5000ക യാത്രെ വില. ജാനു നല്ലോണം കെട്ടുവെച്ചിരിക്കണ്. നമ്മുടെ ഒരു പെണ്ണിനു കണ്ടിട്ടില്ല ഒരുത്തരുകെട്ടിക്കൊടുത്ത് ഉള്ളതുംകള്ളവന്നിരിക്കണ്. തലയിലെഴുത്തുതന്നെ കാര്യം.

പാപ്പിക്കുട്ടിയമ്മ:-അതല്ലാന്നും, ജാനുവിന്നു ആയാൾ കൊണ്ടുവന്ന തങ്കസ്സാരി കണ്ടുവോ? അങ്ങനെ ഒരു സാരി ഞാൻ കണ്ടിട്ടില്ല കിട്ടോ. ഇംഗ്ലണ്ടിലൊറ്റം ഉണ്ടാക്കിയതാത്രെ. അതിന്നുതന്നെ 1000ക. വിലയുണ്ടാവും. ഒന്നാംതരം പട്ടിൽ തങ്കപ്പണികൾ.

പാ. മു:- അതല്ലേന്നാടി ഞാൻ പറയിണ്. ജാനുന്റെ ഭാഗ്യന്ന്.

നാണിമിസ്ട്രസ്സ്:-വിവാഹത്തിനുവന്ന സമ്മാനങ്ങൾ നോക്കിയോ? ആനക്കൊമ്പുകൊണ്ടുള്ള സാധനങ്ങൾ, ചന്ദനംകൊണ്ടുള്ളവ, സ്വർണ്ണംകൊണ്ടുള്ളവ. അഞ്ചു വല്യപെട്ടി വേണ്ടിവന്നു മുഴുവൻ നിറയ്ക്കാൻ!

അമ്മിണ്ണിനേർസ്:- മുത്തശ്ശി, ആയാൾ വന്നതു റോൾസ് റോയിസ്സ്കാറിലാ-ഞങ്ങളുടെ വലിയഡാക്ടർക്കുംകൂടി അങ്ങനത്തെ കാറില്ല കിട്ടോ. ഒരു ലക്ഷത്തോളം വിലപ്പിടിയ്ക്കും.

പാ. മു:-ആരോ പറഞ്ഞു, നേർസേ, ഏരോപ്ലേനിലാണ് വന്നതെന്ന്. അതെയോ?

നേർസ്:- അല്ല, പക്ഷെ ജാനുവിനെ കൂട്ടിക്കൊണ്ടുപോയതു എയറോപ്ലേയിനിലാണത്രെ. കോയമ്പത്തൂർവരെ കാറിൽപോയി. പിന്നെ പ്ലേയിൻ വഴിയ്ക്കാണ് പോയത്.

പാ. മു:-ഭാഗ്യവിശേഷം! അവൾ കൊട്ടത്തുവെച്ചിരിക്കുന്നു.

മോഹിനിക്കുട്ടി:- അതൊക്കെ ശരിതന്നെ മുത്തശ്ശി. ആയാളുടെ പൂച്ചക്കണ്ണുമാത്രം എനിയ്ക്കു പിടിച്ചില്ല.

പാ. മു:-പോ പെണ്ണെ നിനക്കു പിടിക്കാനാണാഗ്രഹം. (എല്ലാവരും ചിരിയ്ക്കുന്നു.) പൂച്ചക്കണ്ണുമില്ല ഒന്നുമില്ല.

നാണിമിസ്ട്രസ്സ്:- അല്ല മുത്തശ്ശി. മോഹിനിപറഞ്ഞതു ശരിയാ കുറച്ചങ്ങനെയുണ്ട്. നമ്മുടെ നാട്ടുകാർക്കിങ്ങനെ കാണാറില്ല. നിറവുംസായ്പന്മാരുടെതുതന്നെ. അതു ലണ്ടനിൽ വളരെ താമസിച്ചതുകൊണ്ടാവാം.

മോഹിനിക്കുട്ടി:-പൂച്ചക്കണ്ണ് ആയാൾക്കുമാത്രമല്ല മിസ്ട്രസ്സ്. കൂടെവന്നവർക്കെല്ലാമുണ്ട്. അതാരും അത്ര സൂക്ഷിച്ചില്ലായിരിക്കും.

പാ. മു:- അതൊന്നും സാരമില്ല. ജാനുവിനേതായാലും തിക്കനെയുള്ള ആളെക്കിട്ടി. സ്ത്രീധനവും വേണ്ടിവന്നില്ല. ഭാഗ്യംവരുമ്പോൾ എല്ലാം ഒത്തുകൂടും. അത്രതന്നെ.

മുത്തശ്ശിയുടെ ഈ ഉപസംഹാരപ്രസംഗത്തോടുകൂടി കുളക്കടവു മീററിങ്ങവസാനിച്ച് സ്ത്രീകൾ പിരിഞ്ഞുപോയി.

## IV

സ്വർഗ്ഗലോകസദൃശമായ സൌധത്തിൽ "വലരിപുവിലാസൽപ്രഭാവ"നായ ഭർത്താവിനോടുകൂടി സുഖാനുഭവനിമഗ്നയായിവസിച്ചിരുന്ന തൻെറപുത്രിയുടെചിത്രം താശ്ശേമേനോന്ന് മനസ്സിൽവളരെ തണുപ്പു നല്കികൊണ്ടിരുന്നു. ബൊമ്പേക്കു പോയശേഷംവധൂവരന്മാർ ഒന്നരണ്ടുപ്രാവശ്യം വീട്ടിലേയ്ക്കുവരികയുണ്ടായി. അവസാനംവന്നു പോകുമ്പോൾ ഇനി കൂടെക്കൂടെ വരാൻസാധിയ്ക്കില്ലെന്നും ജോലിത്തിരക്കു വളരെവർദ്ധിച്ചിട്ടുണ്ടെന്നും ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്ക ഇവിടങ്ങളിലൊക്കെ പോകേണ്ടതുണ്ടെന്നും, എല്ലായാത്രയിലും ജാനുവിനെയും കൂടെക്കൂട്ടുമെന്നും പി. ഡി. നായർ താശ്ശേമേനവനെ അറിയിക്കയും, എവിടെയായിരുന്നാലും മാസത്തിലൊരിയ്ക്കൽകത്തുകൾശരിയ്ക്കയച്ചുകൊള്ളാമെന്നേല്ക്കയും ചെയ്തു. ജാനുവും പി. ഡി. നായരും കാറിൽകയറി നിരത്തിലെത്തിയപ്പോഴെയ്ക്കു പോത്തിനെകയററിട്ടുപിടിച്ചുകൊണ്ട് ഒരുമുള്ളയൻ നേരിട്ടുവരുന്നതുകണ്ട് താശ്ശേമേനവൻ നടുങ്ങി. കല്യാണിയമ്മ വിയർത്തു. ദൈവത്തെപ്രാർത്ഥിച്ചവർ മടങ്ങി.

കാലമങ്ങനെകുറെക്കഴിഞ്ഞു ജാനുവിൻെറകത്തുകൾമുറയ്ക്കുകിട്ടിക്കൊണ്ടിരുന്നു. എല്ലാററിലുംഅവൾക്കുവളരെസുഖമാണെന്നുതന്നെയെഴുതിയിരുന്നു. പക്ഷെ ആശങ്ക- അതു താശ്ശേമേനവനെ സദാ അലട്ടികൊണ്ടിരുന്നു. മകൾസുഖമാണെന്നെഴുതിയതിൽ ആയാൾക്ക് അവിശ്വാസം തോന്നി. അച്ഛനു ഖേദംഉണ്ടാവേണ്ടെന്നു കരുതി ജാനു സുഖമാണെന്ന് എഴുതുന്നതായിക്കൂടേ എന്നൊരു സംശയവും ആയാളുടെഹൃദയത്തിൽ ആവിർഭവിച്ചു. അങ്ങനെയിരിക്കെ ഒരു മാസം പതിവുപോലെ കത്തുവന്നില്ല- താശ്ശേമേനവൻ അയച്ചകത്തിനു ഒരു മറുപടിയും ഇല്ല. കമ്പിയടിച്ചു. അതിനുമില്ല, മറുപടി. മടക്കകമ്പിയ്ക്കു പണംകെട്ടി. പിന്നെയും നിരാശ. ഒടുവിൽ ആയാൾ പരിഭ്രാന്തനായി ബൊമ്പേയ്ക്കുപോകാനൊരുങ്ങി. പക്ഷെ കയ്യിൽനിന്ന് ഒരു പൈപോലും ചെലവുകൂടാതെ ആ കാര്യം സാധിയ്ക്കാനുള്ള കഴിവ്. അശ്ശേ അതു സാധ്യമല്ലെന്നെ സ്മരിപ്പിച്ചു. പോലിസ്സ്‌റസ്റ്റ് ആയാൾക്കുണ്ടായി ബൊമ്പേപോലിസ്സിൻെറ ആവശ്യപ്രകാരം മദ്രാസ്സ്പോലിസ്സ് താശ്ശേമേനവനറസ്റ്റുവാറണ്ടുംകൊണ്ടെത്തി. പൂവ്വത്തൂരംശംമുഴുവൻ നടുങ്ങി. നിയമത്തിൻെറ ഗതി അതു തടയുമോ? മേനവൻ ബൊമ്പേയിൽ റിമാണ്ടിലായി. പിറെറ ദിവസത്തെ ഹിന്ദുപത്രത്തിൽ ഇങ്ങനെയൊരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിക്കണ്ടു.

"ബൊംബെ. ബൊംബെപോലീസ്സ ഇന്നലെ നഗരത്തിലുള്ള ഒരു യൂറോപ്യൻ വേശ്യാഭവനം പരിശോധിക്കയും 10 യൂറോപ്യന്മാരെയും 12 ഇന്ത്യൻ വനിതകളേയും ബന്തോവസ്സിലാക്കുകയും ചെയ്തിരിക്കുന്നു. സ്ത്രീകളെ ഈ സ്ഥാപനങ്ങളിലേയ്ക്കുവിററ അവരുടെ രക്ഷാകർത്താക്കളെയും അറസ്റ്റു ചെയ്തുകൊണ്ടുവന്നിട്ടുണ്ട്. കേസ്സ് തുടരുന്നു."

ശുഭം.

കൈകണ്ട മരുന്നുകൾ.
രക്തവാതത്തിനും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.
രക്തവാതം ഏഴേഏഴ ദിവസംകൊണ്ടും കണ്ഠമാല ഒരൊററമാസംകൊണ്ടും സുഖപ്പെടും.
അപേക്ഷിക്കേണ്ടും മേൽവിലാസം:—
എ എൻ. ഭട്ട, ചിററൂർ-കൊച്ചിൻ.

# രാവണോപദേശം.

(സർദാർ, കെ. എം. പണിക്കർ, എം. എ., (ഓക്സൻ), ബാർ - അറ്റ്-ലാ.)

III

പൊങ്ങിവന്നാപല്പചിന്തയാൽത്തുലോം
മങ്ങിടുന്നാമുഖകാന്തിയോടവൻ
അങ്ങവാണരൊരുതാൻതൂക്കിനാൻ,
ശങ്കയോടുപരിതങ്ങളൊക്കെയും. 1
ഓർത്തുകണ്ടിതു തന്നാം, സ്വജീവിതം
പേർത്തുമാദ്യദശതൊട്ടുമേവരം,
ചിത്രസംഭവമിണങ്ങിട്ടു, വിചി-
ച്ചിത്രമെന്നപടിരാക്ഷസേശ്വരൻ. 2
ബാലനാകിയ തപസ്സുചെയ്തതും
വാരിജാസനനടുത്തണഞ്ഞതും
സാരമാകിയവരങ്ങളൊക്കയാ-
ത്താരിൽമോദമൊടനുഗ്രഹിച്ചതും; 3
സർവ്വരാക്ഷസജനം വണങ്ങവേ
സാർവ്വഭൌമപദമേറ്റടുത്തതും;
ഊർജ്ജിതക്രമമയാത്മഭ്രാതയാം
പാർത്ഥനന്ദമുഖിയെവരിച്ചതും; 4
രാജരാജനൊടകാറിലങ്കയിൽ
ഭ്രാജമാനമയനുവാണതും,
രാജമാനമതദിവ്യപുഷ്പക-
മവ്യയാനവുമഹോ ഹരിച്ചതും; 5
ഇന്ദ്രനെപ്പടയിൽവെന്നതും, യമൻ
തന്നൊടേറ്റവനെയും വലച്ചതും;
വെന്നുവിത്തപവിദഭാസനയെ
ന്നൊന്നൊടുക്കിവിജയിച്ചുവന്നതും; 6
ഉത്തമാചലമിളക്കിവിട്ടതും,
ചന്ദ്രശേഖരവരം ലഭിച്ചതും,
തർജ്ജനക്കൊടിജഗത്തിലാകവേ
സജ്ജിതാദരമുയർത്തിവെച്ചതും; 7
കെല്പിലേറെറാരുപരാഭവങ്ങളും
ഉഗ്രവൃത്തിപലമട്ടുചെയ്തതും
ക്ഷിപ്രമന്നിടയിടെത്തെളിഞ്ഞു ത-
ന്നംപ്രദേശമതിൽനേർക്കുകാൺകയായ്. 8
പണ്ടുവേദവതിയെസ്സപായംബലാൽ
കൊണ്ടുപോരുവതിനുദ്യമിക്കവേ
ഇണ്ടലോടവൾ ശപിച്ചവാർത്തയും
കണ്ടുപങ്ക്തിമുഖനൊന്നുഞെട്ടിനാൻ. 9
കാത്തുവീണ്ടുവുപനോടുപോയ്പ്പുരം
നേർത്തും പടയിലേറുതോറ്റതും,
പാർത്തതും തടവിലന്നു ഖിന്നനാ-
യോർത്തുകണ്ടിതു നിശാചരേശ്വരൻ. 10

ഭോഗമത്തകിവരാംഗി രംഭയെ
രാവിൽ നിഷ്കൃപമതിക്രമിച്ചതും,
ആവിലാസിനി സഗദ്ഗദംകര-
ഞ്ഞാവലാതിപലതും പറഞ്ഞതും; 11
തുംഗനിസ്തുലതനായ ബാലിയോ-
ടങ്ങുമത്സരമിയന്നണഞ്ഞതും,
ശൃംഖലത്തിന്നടെ വാലിലന്നഹോ
തൂങ്ങിമാനഹതിയേറ്റമാർന്നതും; 12
മന്നുവംശമൊടരാഘവാശ്രമം
തന്നിലെത്തിമിഥിലേന്ദ്രപുത്രിയെ
നണ്ണിടാതപഹരിച്ചവാർത്തയും 13
മിന്നൽപോലവനപാഞ്ഞു മാനസേ.
സ്പഷ്ടമാംമഹിമയൊക്കെയാക്കിലും,
ദുഷ്ടവൃത്തിയുമിടയ്ക്കു കാൺകയാൽ
ഒട്ടുതൻകരംപിടിച്ചുകാന്തയോ-
ടിഷ്ടമാംപടി പറഞ്ഞു രാവണൻ:- 14
“ധർമ്മശാലിനി, ശുഭേ, മയാത്മജേ,
രമ്യനിർമ്മലഗുണേ, ശുചിസ്മിതേ,
തിന്മയിൽച്ചെറുതു ചെന്നിടാത്തതാം
നിൻമനസ്സുമമനിത്യമാംബലം! 15
തെല്ലുമില്ലൊരപവാദമിന്നുനീ
ചൊല്ലിയോരുമൊഴികൾക്കു ശോഭനേ,
നല്ലയാളകരം നിനച്ചുചൊൽവതേ
നല്ലതേവനു, മതിന്നു നിശ്ചയം. 16
മൽപ്രവൃത്തികളിലുണ്ടനല്പമാം
ദല്ലുകടതറിയാത്തതല്ലഞാൻ
ശുഭ്രഹാസിനി, യതിൻഫലങ്ങളാ-
ണിപ്പൊഴും നാമനുഭവിപ്പതൊക്കയും. 17
സ്വന്തകർമ്മഫലമോർക്കയാക്കുമേ
ബന്ധുരാംഗി തടയാവതല്ലെടോ
എന്തുപിന്നെയിതിലൊക്കെ? നാംവെറും
പന്തുതാൻ നിയതിതൻകരങ്ങളിൽ! 18
വിന്നിടട്ടെ വിധിപോൽ; അതോർത്തുനാം
ഖിന്നരാവുകയശോവിനാശനം;
തന്നിലാംപടിവിധിയ്ക്കുതിക്കയാം
മന്നിലിന്നു പുരുഷോചിതം ക്രമം. 19
ആകയാലിവിടെ നീ ത്യജിയ്ക്കെടോ
വ്യാകുലതാമഖിലം വരാനനേ,
രാവണപ്രിയതമയ്ക്കു ചേരുമോ
ഭാവിയോർത്തുപരിശങ്കയീവിധം? 20

# ഭാരതീയസംസ്ക്കാരചൈതന്യം.

(ശ്രീമതി, ചേപ്പാട്ടയിൽ കമലാദേവി, ബി. എ.)

II

അവസാനമായ് കൊള്ളയ്ക്കും മതപ്രചരണത്തിനുംമാത്രം ഇന്ത്യയെ ആക്രമിച്ച മുഹമ്മദീയരിലും നമ്മുടെ ആദർശങ്ങൾ സാംസ്കാരികബോധത്തെ ജനിപ്പിക്കാതിരുന്നില്ല. മുഹമ്മദീയർ ഭാരതീയരോടുകൂടെ ചേരുകയും, അവരുടെ മതതത്വങ്ങളിൽ വിശ്വസിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇതു ബാക്കിയുള്ള മുഹമ്മദീയർക്കു തീരെ രസിച്ചില്ല. അതിശിഷ്ടക്രൂരനും ദുഷ്ടനും ആയിരുന്ന തിമൂർ ഇന്ത്യയിലെ മുഹമ്മദീയരുമായ് യുദ്ധം നടത്തുന്നതു് ഒരു "ജിഹാദാ"യ് വിചാരിച്ചു. ഇസ്ലാംധർമ്മത്തിൽനിന്നു അവർ വ്യതിചലിച്ചുവെന്ന സംശയത്തിൽ അവരെ ഉപദ്രവിക്കുന്നതും ഫിറോസ്ഷാതുഗ്ലക്കും ഒരു പതിവാക്കി. എന്നാൽ അവരുടെ ശ്രമങ്ങളൊന്നും ഫലിച്ചില്ലെന്നുമാത്രമല്ല, ഭാരതീയസംസ്കാരം അവരിൽ ഉത്തരോത്തരം വിശ്വാസത്തെയും ബഹുമാനത്തെയും ഉണ്ടാക്കിത്തീർക്കുവാൻ പര്യാപ്തമായ ഒരു അകൈതവശക്തിയായ്ത്തീർന്നു എന്ന് പിൽകാലത്തെ ചരിത്രത്തിൽ നടന്ന സംഭവങ്ങളിൽനിന്നു തെളിയുന്നുണ്ട്. മഹാനായ അക്ബറുടെ ജീവിതചരിത്രത്തിൽനിന്നു അദ്ദേഹം സൂര്യനമസ്കാരം ചെയ്തിരുന്നുവെന്നും, കാതിൽ കുണ്ഡലങ്ങളും നെററിയിൽ തിലകവും അണിഞ്ഞിരുന്നുവെന്നും മനസ്സിലാകുന്നു. അതുപോലെതന്നെ ജഹാംഗീർ ജന്മനക്ഷത്രദിവസം ഡർബാറിൽ പ്രവേശിക്കുന്നതിനുമുമ്പെ തൈരും രോഹിതമത്സ്യവും (Rohita Fish) കഴിച്ചിരുന്നുവെന്നു സേർ തോമസ്റോ അഭിപ്രായപ്പെടുന്നു. സേർ, ജോഡുനാഥസർക്കാർ [Sir, J. N. Sarkar— History of Aurangzib, vol V.] അറംഗസിബ്ബിന്റെ ജീവചരിത്രത്തിൽ അദ്ദേഹം ഡക്കാൻ ആക്രമണങ്ങൾക്കുപോകുമ്പോൾ ഹിന്ദുജ്യോത്സ്യന്മാരോടു അഭിപ്രായം ചോദിച്ചിരുന്നുവെന്നു പറയുന്നുണ്ട്. ഹിന്ദുസംസ്ക്കാരം എത്രത്തോളം ഇവരെ വശീകരിച്ചുവെന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നുണ്ടല്ലോ. എന്നുമാത്രമല്ല പല മുഹമ്മദീയസാഹിത്യകാരന്മാരും ഹിന്ദിയിൽ അതിവസുന്ദരങ്ങളായ പല പദ്യങ്ങളും എഴുതിയിട്ടുണ്ട്. ഷേക്കനസിമുദ്ദീൻ ആലിയ, ഷെക്ക്സലീം ചിസ്റ്റി, കുത്ബൻ, നൂർമുഹമ്മദ്, റാസ്ഖാൻ എന്നിവർ ഹിന്ദിയിലെ പ്രധാന മുഹമ്മദീയസാഹിത്യകാരന്മാരാണ്. ഹിന്ദുസാഹിത്യത്തിലെ കാവ്യരൂപങ്ങൾ മുഹമ്മദീയസാഹിത്യത്തിലേയ്ക്കു കുടിയേറ്റുകയും ചില പുതിയ സ്ഥാപനങ്ങൾ അവർ രൂപീകരിക്കുകയും ചെയ്തു. ആദിൽഷായുടെ ധ്രുപദങ്ങൾ ഇങ്ങിനെ രചിച്ചവയാണു [Dhrupads of Adilshah]. സാഹിത്യപരമായിട്ടുമാത്രമല്ല മററു പലവിധത്തിലും ഭാരതീയസംസ്കാരം മററുരാജ്യങ്ങളിൽ പരന്നിട്ടുണ്ട്. അജ്ഞാനത്തിലും അന്ധതയിലും കിടന്നിരുന്ന പല ജനപദങ്ങളും ബുദ്ധദേവന്റെ കരുണാമസൃണമായ ആദർശരംഗങ്ങളായി. ബുദ്ധമതം ഇന്ത്യയിൽനിന്ന് ഇതരരാജ്യങ്ങളിലേയ്ക്കു പ്രചരിക്കുകയും അവിടങ്ങളിൽ സുസ്ഥാപിതമാവുകയും ചെയ്തു. അവിടങ്ങളിലെല്ലാം ഇന്നും ബുദ്ധമതതത്വങ്ങൾ ഘോഷിക്കപ്പെടുന്നുണ്ട്. മദ്ധ്യഏഷ്യയിലെ ടാറിൻതാഴ്വരയിൽ Tarin Basin] ബുദ്ധന്റെ ബിംബങ്ങളും ശിലകളും ഇന്നും കാണുന്നുണ്ട്. അശ്വഘോഷൻ, വസുബന്ധു, നാഗാർജ്ജുനൻ, ധർമ്മകീർത്തി എന്നിവരുടെ ഗ്രന്ഥങ്ങൾ നമുക്കു നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും ചീനഭാഷാഗ്രന്ഥങ്ങളിൽ അവയെ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്. അക്കാലത്തു് പലകഷ്ടങ്ങളെയും സഹനംചെയ്ത് ഇന്ത്യയിലെ സാഹിത്യവും ഭാഷയും പഠിച്ചു സ്വരാജ്യത്തേക്കു തിരിച്ച ചീനയാത്രക്കാർക്കാണ് ഇതിന്റെ ബഹുമതി കൊടുക്കേണ്ടതു്. കൊറിയയിലും വളരെ വിശിഷ്ടമായ രീതിയിൽ ബുദ്ധപ്രതിമകൾ പണിചെയ്യപ്പെട്ടിട്ടുണ്ട്. കൊറിയയിൽനിന്ന് ഭാരതീയകലയും സാഹിത്യവും ജാപ്പാനിലേക്കു പ്രവേശിച്ചു. ക്രിസ്ത്വാബ്ദം 6-ാംശതകത്തിൽ വുമയാഡെ [Prince Wumayado] എന്ന ജാപ്പ്ചക്രവർത്തി നാഗാർജ്ജുനന്റെ ഗ്രന്ഥങ്ങളെപ്പററി പ്രശംസിച്ചുകാണുന്നുണ്ട്. ടിബററിലേയ്ക്കും, ഭാരതീയസം

---

നന്നായ്ശ്ലാഘ്യതധർമ്മമോർക്കിലു, മുയ-
ർന്നിടുന്നതൻപൌരുഷം
മുൻനിർത്തിപ്രിയനേവമോതിനഗിരം
കേട്ടാശ്രുമണ്ഡോദരി,
തന്നാശങ്കകൾ നീങ്ങിടായ്കിലു, മന-
സ്സൂതാനുരാഗത്തിനാൽ
വന്നോരാർദ്രതമൂലമാധികൾമറ
ന്നാശ്വാസമാർന്നീടിനാൾ. 21

സ്കാരം പ്രചരിച്ചു എന്നുമാത്രമല്ല, പലരും ടിബറ്റിയൻ ഭാഷയിലേയ്ക്കു് ബുദ്ധന്റെ മതതത്വങ്ങൾ പരിഭാഷപ്പെടുത്തുകയും ചെയ്തു. കുബ്ലൈഖാന്റെ കീഴിലുണ്ടായിരുന്ന അപരിഷ്കൃതരും ക്രൂരരുമായ മംഗോളിയന്മാരും കൂടി ബുദ്ധതത്വങ്ങൾക്ക് അധീനരാവുകയും തൽഫലമായി ഇക്കാരിയൻഭാഷയിലേക്ക് അവ തർജ്ജിമചെയ്യപ്പെടുകയും ചെയ്തു. കമ്പോഡിയ, ജാവ, സിലോൺ, സുമാത്ര എന്നീ രാജ്യങ്ങളെയും ഭാരതീയസാഹിത്യം സ്പർശിക്കാതിരുന്നില്ല.

ഇനി ലോകപ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഭാരതീയശില്പകലയെ ഒന്നു പരിശോധിക്കാം. ഗ്രീസ്, റോമ് എന്നിവിടങ്ങളിലെ ശില്പചാതുര്യത്തിനെക്കാൾ പതിന്മടങ്ങ് തേജോരൂപമായിട്ടാണ് ഭാരതീയശില്പികളുടെ ചാതുര്യം സ്ഥിതിചെയ്യുന്നതു്. സൌന്ദര്യാരാധകന്മാരായ ഭാരതീയർ മനുഷ്യനും പ്രകൃതിയുമായുള്ള അപ്രതിഹിതമായ ബന്ധത്തെ അവരുടെ പ്രതിമകളിൽ കാണിക്കുന്നു. അപരിമിതവും പ്രശാന്തരമണീയവും ആത്മനിവൃതികരവുമായ ദിവ്യസൌന്ദര്യത്തിലാണ് അവരുടെ മനസ്സു പതിയുന്നതു് പല വിദേശീയരും നമ്മുടെ ശില്പകലയെ അഭിനന്ദിക്കുന്നതിനുള്ള പ്രധാന കാരണവും ഇതുതന്നെയാണ്. എല്ലോറ, അജന്ത എന്നിവിടങ്ങളിലെ ഗുഹകൾ ഭാരതീയശില്പചാതുര്യത്തിന്റെ അനർഘാവശിഷ്ടങ്ങളായി ഇന്നും ശോഭിക്കുന്നു. തമിഴരാജാക്കന്മാരുടെകാലത്തും പിന്നീടുവന്ന മുഹമ്മദിയരുടെകാലത്തും ഈ കലയ്ക്കു് കൂടുതൽ പ്രോത്സാഹനം സിദ്ധിച്ചു. മധുരയിലെ മീനാക്ഷിക്ഷേത്രം പ്രത്യക്ഷപ്പെടുത്തുന്ന ആശ്ചര്യകരമായ ശില്പശാസ്ത്രവൈദഗ്ദ്ധ്യം ദക്ഷിണേന്ത്യയുടെ സംസ്കാരാഭിവൃദ്ധിയെ വിളിച്ചുപറയുന്നുണ്ട്. ഗുപ്തന്മാരുടെ സുവർണ്ണകാലമെന്നറിയപ്പെട്ടിരുന്ന സമയത്തും നിർമ്മിക്കപ്പെട്ടിട്ടുള്ള സ്തംഭങ്ങളും കെട്ടിടങ്ങളും ഇന്നും യാതൊരു കേടുപാടുകൾ കൂടാതെ പുതിയതായ് പണിയിച്ചമാതിരി സ്ഥിതിചെയ്യുന്നുണ്ട്. ഒറിസ്സയിലെ ഭുവനേശ്വർ എന്ന ദിക്കിലെ ചില കൽപ്രതിമകൾ ഇയ്യിടെയും കൂടി പ്രദർശിപ്പിക്കപ്പെട്ടു. ഹിന്ദുക്കൾപുരാതനകാലംമുതല്ക്കുതന്നെഈ വിദ്യയിൽനിപുണന്മാരായിരുന്നുഎന്നുമോഹൻജോദാരൊ,ഹാരപ്പഎന്നിവിടങ്ങളിലെഅവശിഷ്ടങ്ങൾതെളിയിക്കുന്നുണ്ട്. മൌര്യഭരണത്തിൻകീഴിലും അതിനു വളരെ പ്രോത്സാഹനം സിദ്ധിച്ചു. ജീവിതത്തിലെ പ്രധാനസംഭവങ്ങളെയും പല തത്വങ്ങളെയും തങ്ങളുടെ നിർമ്മാണങ്ങളിൽ പ്രതിഫലിപ്പിക്കുവാൻ ആ കാലത്തെ ശില്പികൾക്കുള്ള പാടവം ഒന്നു വേറെയായിരുന്നു. ബുദ്ധദേവന്റെ പല രൂപങ്ങളും, വേറെ ചിലതും ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയതായ് കാണുന്നു. യവനികരുടെ സമ്പർക്കംനിമിത്തം ഭാരതീയകല കുറച്ചുംകൂടി ശോഭിച്ചുവെന്നു പറയാതെ നിവൃത്തിയില്ല. മുഗൾചക്രവർത്തിമാരും പ്രോത്സാഹനം നല്കാതിരുന്നില്ല. നിറംപിടിപ്പിക്കുന്ന ചായങ്ങളെക്കൊണ്ടു അവർ ആ കാലത്തുതന്നെ പല വിശിഷ്ടപണികളും ചെയ്തുവന്നു.

സാഹിത്യവിഷയത്തിൽ ഭാരതീയർക്കുള്ള സ്ഥാനം അദ്വിതീയമാണല്ലോ. ഭാരതീയസാഹിത്യം പണ്ഡിതപാമരന്മാരെ ഒരുപോലെ ആകർഷിച്ചുവെന്ന് വിദേശീയസാഹിത്യകാരന്മാർതന്നെ പറയുന്നുണ്ട്. ധർമ്മയോഗത്തിനു അടിസ്ഥാനമായ ഗീത, ഏതുരാജ്യത്തിലാണ് ഇന്നു സ്ഥലം പിടിക്കാത്തതു്? ഈശ്വരചൈതന്യം ഹിന്ദുസാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളിൽ പരിലസിക്കുന്നതുപോലെ വേറെ ഒന്നിലും കാണുന്നില്ല. ഭാവശുദ്ധിയുടെ അമിതോത്സാഹത്തിലും ആത്മീയശോഭയുടെ തിരതല്ലലിലും ഭാരതീയസാഹിത്യകാരന്മാരായ അശ്വഘോഷൻ, കാളിദാസൻ, ഭാരതി മുതലായവർ കീറ്റ്സ്, വോൾട്ടെയർ [Volair] Milton എന്നിവരോടൊപ്പംതന്നെ ശോഭിക്കുന്നു. ജീവിതത്തിനോടുള്ള പ്രേമം അവർ തങ്ങളുടെ സാഹിത്യത്തിലും നിഴലിപ്പിക്കുന്നുണ്ട്. മനോവികാരങ്ങൾക്കു ബുദ്ധിവൈഭവത്തിന്റെ പ്രസാദനത്തിനേലുള്ള വിജയം ബാണന്റെ കാദംബരി സാക്ഷീകരിക്കുന്നു. ഗാനമയമായ സൌന്ദര്യതരംഗങ്ങളാൽ കാളിദാസകൃതികൾ ഓളം വെട്ടുന്നു. മനുഷ്യനും പ്രകൃതിയും ആയുള്ള ബന്ധത്തെ തന്മയത്വത്തോടുകൂടി പ്രതിപാദിക്കുന്നതിനു ഇവർക്കുള്ള പാടവം ഒന്നു വേറെയാണ്. പരമാത്മാവിന്റെ ചേതനാവിലസിതമായ പ്രകൃതിയിൽ ജീവാത്മാവ് വിലാസലാസ്യം ചെയ്യുന്നതും അതിൽ ആമഗ്നനാവുന്നതും അവരുടെ കൃതികളിൽ എവിടെയും കാണുന്നതാണ്. സംഗീതാത്മകമായപദാവലികൾക്ക് ബങ്കാളും, വികാരോദ്ദീപനത്തിന് മഹാരാഷ്ട്രരുടെ പൊവഡാസും [Powadas of Maharastra] ശ്രുതിപ്പെട്ടിരിക്കുന്നു.

വ്യവസായപരമായും ഭാരതീയസംസ്കാരം ഇതരരാഷ്ട്രങ്ങളെ ആകർഷിച്ചുവല്ലോ. എല്ലാ ശാസ്ത്രങ്ങളുടെയും ജന്മഭൂമിയായിരുന്ന ഭാരതം ആ കാലത്തു് പല രാജ്യങ്ങളേക്കാളും വ്യവസായത്തിൽ അഭ്യുന്നതി പ്രാപിച്ചിരുന്നു. പുരാതനകാലം മുതല്ക്കുതന്നെ ധനപുഷ്

# കുമാരസംഭവം.

## ഭാഷാഗാനം.

(അഞ്ചാംസൎഗ്ഗം തുടൎച്ച)

(വിദ്വാൻ, ശ്രീ, ചെറുശ്ശേരി മാധവമേനോൻ)

അദ്രീമഹൌജസ്സിന്റെ പൂതമാം കുലംതന്നിൽ-
ജ്ജാതനീ,യതുമല്ലിത്തനുവും തരളാക്ഷി!
മൂന്നുപാരിലുമുള്ള സൗന്ദര്യമെല്ലാംകൂടി-
യൊന്നിച്ചിങ്ങുദിച്ചപോലെത്രയും കമനീയം.
ആവിധമൈശ്വര്യവും സ്വാധീനം നിനക്കെല്ലാം,
ഭാവിനി, നവമല്ലിവയസ്സും നിനക്കിപ്പോൾ.
എന്തിതിൽപ്പരം ഭാഗ്യമൊന്നുതേ തികഞ്ഞീടാൻ?
ഹന്ത, വൻതപം കൊണ്ടിങ്ങെന്തൊന്നു ചിന്തിപ്പൂ നീ?
തീവ്രമാമനിഷ്ടത്താൽ ധീരകൾക്കണയായീടാ- 41
മീവിധം പ്രതിപത്തി,യായതും കാണ്മീലാ ഞാൻ.
നിന്നിലിന്നൊന്നും തന്വി, എത്രതാൻ ചിന്തിച്ചിട്ടും,
പിന്നെയെന്തേസ്ഥാബന്ധമീവിധംതുനിഞ്ഞിടാൻ? 42

ശോഭനേ,യനർഘംനിൻ കോമളമാകുമങ്ഗം
ശോകത്തി,ന്നവമാനമെങ്ങനുതാതാലയേ?
ആക്രമിച്ചീടാനിന്നീയന്യ,നാർ കരംനീട്ടും
ചക്രിതൻ ഫണാമണികാമിച്ചു കഷ്ടം, കഷ്ടം! 43

എന്തിനായ് ചെറുപ്പത്തിൽത്തന്നെനീവിഭൂഷകൾ
സുന്ദരി,വെടിഞ്ഞൊരു വൃദ്ധപോൽ വല്കം ചാൎത്തി?
സന്ധ്യയ്ക്കുഡുക്കളും ചന്ദ്രനും പ്രകാശിക്കും
ശൎവ്വരിക്കുചെയ്യുമോ ശോഭയോ സൂര്യോദയം? 44

ദ്യോവിനെക്കൊതിച്ചെങ്കിലീശ്രമം വെറുതേതാൻ,
ദേവഭൂമികളല്ലോ നിൻതാതപ്രദേശങ്ങൾ,
കാന്തനെക്കാമിച്ചെങ്കിൽ പോരുമിത്തപം രമ്യേ!
കാന്തമാംരത്നംമൃഗ്യം, തേടുകില്ലതാരെയും. 45

ഉഷ്ണമുള്ള നിശ്വാസത്താലൂഹിച്ചുവെന്നാകിലു,-
മുത്തമേ,യകതാരിൽസംശയമുണ്ടാകുന്നു.
കാണ്മതില്ലൊരാളെയും കാമ്യനായ്നിനക്കെങ്ങും
കാമിനി, നീ കാമിപ്പോൻ ദുർല്ലഭനാമോ പിന്നെ? 46

കാതണിനെൽപ്പൂക്കളെയായുപേക്ഷിച്ചു
പൂതമാം കവിൾത്തട്ടിൽ കെട്ടഴിഞ്ഞഹോ വീണും,
നെൽക്കതിർത്തലപോലെ മഞ്ഞളിച്ചുമേയുള്ള
നിന്നുടെജടകളെക്കണ്ടും ഹാ കലങ്ങാത്താനു,
ചിത്തമാർത്താളും നിനക്കിപ്സിതനാകും യുവാ-
വെത്രയും കഠോരൻതാനെന്നിയെമറെറതാം! 47

താപസവ്രത മൂലമേററവും മെലിഞ്ഞിന-
താപത്താൽ വരണ്ടങ്ഗമാകവേ വിഭൂഷാർഹം
ഹാ, പകലെഴും ചന്ദ്രലേഖപോലുള്ളീനിന്നെ-
ത്താപസി, കാണുന്നോവൻ-ജീവിപ്പാൻ-തപിച്ചീടാ!

സൗന്ദര്യഗർവ്വു കൊണ്ടുവഞ്ചിതനായാൻതവ- 48
മന്ദനാംപ്രിയ,നവനല്ലായ്കിലെന്തിന്നോളം
കുഞ്ചിതപക്ഷ്മംതിങ്ങിയഞ്ചിതനോട്ടംതൂകും
നിൻചാരുനേത്രങ്ങൾക്കുമുന്നിലായണയാത്തൂ? 49

എത്രനാൾതപിക്കുംനീയീവിധം? നമുക്കുമു-
ണ്ടുത്തമമാദ്യാശ്രമസഞ്ചിതം തപസ്സാര്യേ!
ആയതിലർദ്ധാംശത്താലിഷ്ടനാം വരനെ നീ-
യായത്തനാക്കിക്കൊള്ളുകാരുവാനവൻ ഭദ്രേ!” 50

ഏവമുള്ള ദ്വിജോത്തമാവട്ടതേനാടപ്പോൾ
ദേവി,തന്മനോരഥം ചൊല്ലുവാൻ കഴിവെന്യേ,
അഞ്ജനമണിയാത്തുള്ളക്ഷികൾ തിരിച്ചുട-
നങ്ങുതൻ ചാരേ നില്ക്കും തോഴിയെനോക്കീടിനാൾ. 51

ഓതിനാളുടൻതോഴി, വൎണ്ണിയോ,-“ടകതാരിൽ-
കൗതുകം സാധോ, ഭവാനുണ്ടെന്നാൽ കഥിച്ചീടാം
ഓമലാളെന്തിനുഗ്രമാം തപസ്സിന്നു
താമരക്കുടയാകും പോലവെയാക്കിയെന്നും. 52

മാനിനിയാകുമിവൾ ഐശ്വര്യമേറുന്നോരാം
വാനവനാഥൻ തൊട്ടനാലുപേരെയുംതള്ളി
മാരമാരകൻ-തെല്ലുംചഞ്ചലത്തിൽ ഭ്രമിക്കാത്തോൻ-
ധീരൻ-ആ പിനാകിയെ-കാന്തനായ്ക്കാമിക്കുന്നു! 53

പുഷ്പസായകനന്നു വിട്ടോരശ്ശിലീമുഖ-
മല്ലുവും ഫലിക്കാതെയീശനിൽ ഹുംകാരത്താൽ,

---

ടിയിലുംവ്യവസായാഭ്യുന്നതിയിലുംഭാരതം മുന്നണിയിൽനിന്നിരുന്നുഎന്നു് വിദേശിയർതന്നെപ്രസ്താവിക്കുന്നുണ്ടു്. ഗ്രീസ്, ബാബിലോണിയാ, റോം എന്നിവടങ്ങളിലേക്കു വിശേഷവസ്ത്രങ്ങൾ, ആനക്കൊമ്പു്, രത്നങ്ങൾ, കൃത്രിമപുഷ്പങ്ങൾ, കുപ്പിസാമാനങ്ങൾ, ചായങ്ങൾ, മരുന്നുകൾ എന്നിവഇന്ത്യയിൽനിന്നുകയററിഅയച്ചിരുന്നുഎന്നുവരാഹമിഹിരൻതന്നെ ബൃഹത്സംഹിതിയിൽപറയുന്നുണ്ടു്. ഢക്കാമസ്ലിൻ, ഗന്ധദ്രവ്യങ്ങൾ ഇവ ചീന,ഈജിപ്തു്ഇവിടെക്കുംകയററിഅയച്ചിരുന്നു എന്നു് Prof. ലാക്കോൺപെറി [Laconperie] പ്രസ്താവിക്കുന്നു. കടൽവഴിയായുള്ളകച്ചവടം മുഴുവനും അന്നു ഇന്ത്യക്കാരുടെ കയ്യിലായിരുന്നു.

—o—

പിന്തിരിഞ്ഞൊന്നുതോഴി തൻ ചിത്തത്തിൽ കുതിച്ചേറി-
യന്തരിച്ചുമമാരനിവളെക്കൃശയാക്കി. 54

അന്നതൊട്ടങ്ങുള്ളനംഗജതാപത്തൊടി-
ത്തന്വിതന്നുള്ളകത്തിൽ തൊട്ടപദംപറ്റി
ധൂസരവർണ്ണം പൂണ്ടുമുണ്ണുകമാളെത്തൊട്ടും
താതഗേഹത്തിൽ പാർത്താൾ മഞ്ഞിലാതണ്ടപ്പെന്ന്യ.
മുപ്പുരാരിയെപ്പറ്റിപ്പാടുമവ, വന്നാലെ ത- (55
ന്നൊപ്പമുള്ളവരായകിന്നരീസഖിമാരെ,
കണ്ണുനീരിൽ സ്ഖലിച്ചീടു വാക്കുകൾകൊണ്ടിത്തന്വി
കേഴിച്ചാൾ പലപ്പോഴും; മറ്റുമല്ലചൊല്ലാം. 56

പാതിരാവിന്റെ രക്ഷ കണ്ണടച്ചൊരുകാന്തി,
ഭൂതനായക. ഭവാൻ പോവതെങ്ങെന്നിവണ്ണം
ലക്ഷ്യമെന്നിയെ ചൊല്ലി, ഞെട്ടിയങ്ങുണർന്നിട്ടും
തൽക്ഷണമാശ്ലേഷിച്ചു മിഥ്യയാംഗളംതന്നിൽ. 57
ഉന്നതപാൽഭവാനെങ്ങും, പിന്നെയെന്തനുരാഗം-
കൊണ്ടുടൻ ചാടിച്ചീടുമിവളെഗ്ഗ്രഹിക്കുന്നാൻ?
മുഗ്ദ്ധയാമവളേവംനിന്ദിച്ചാൾ, സ്വയം തൃത്ത-
മുഗ്ദ്ധചന്ദ്രചൂഡൻതന്റെ ചിത്രത്തെ രഹസ്യമായ്. 58

ലോകനായകനാകുമീശനെ ലഭിപ്പാനി-
ഗ്ലോകകർശിത, യന്ത്രമഗ്ന്യങ്ങളും കാണാതെ, നാ
താതനോട്ടവാദംവാങ്ങി വൻതപം ചെയ്വാൻ
താമസമെന്ന്യേ ങ്ങളെ നിശ്ചയിച്ചണഞ്ഞിതു. 59
ഇങ്ങഹോ, സ്വയം തോഴിമാരുടേമരങ്ങളും-
മങ്ഗലതപസ്സിന്റെ സാക്ഷികളായുള്ളവ-
കായ്ച്ചുമെ, ശശിമൗലിസംശ്രയമായിട്ടന്നി-
ക്കാമിനിമനോരഥം കരത്തിലല്ലോതെല്ലാം! 60
അത്യന്താ വ്രതമൂലം കൃശയായ്ച്ചമഞ്ഞാളെ,-
യത്രവാത്താളിജനം നോക്കിവിവശ്യയെ-
പ്രാർത്ഥിച്ചു ലഭിക്കത്തുള്ളായവൻ, വരണ്ടീടം-
പാടത്തെയിന്ദ്രൻപോലെയെന്നോഹാകുളിപ്പിക്കും!" 61

ഇങ്ങിതജ്ഞയാം തോഴിയിവിധമൊളിക്കാതെ-
യങ്ങുസദ്ഭാവത്തിലും ചെന്നനുഗ്രഹിച്ചപ്പോൾ
ഹർഷലക്ഷണമൊട്ടും കാട്ടാതാവിലാസിയാം
നൈഷ്ഠികനമയോടായിവിധം ചോദ്യംചെയ്താൻ.
"ഉള്ളതോ സഖി ചൊൽവതൊക്കെയു, മല്ലെന്നാകിൽ
പൊള്ളയാം പരിഹാസ തന്നോയാ ഭദ്രേ, ചൊല്ലു" (62
കരശാഖകളെല്ലാം ക്രുദ്ധിച്ചുള്ളഗ്രഹന്നെ
വരഭാഷിണിജപമാലയെയർപ്പിച്ചപ്പോൾ
വാക്കൊന്നും വരാതെയെത്താമസിച്ചാതമട്ടിൽ
വർണ്ണങ്ങൾകാച്ചുവം ചെല്ലുവാനൊരുമ്പെട്ടാൾ. 63

തുടരും

# ശ്രീഗീതാമാഹാത്മ്യം

(ശ്രീ. കുന്നേഴത്തു് പരമേശ്വരമേനോൻ)

അനസ്യൂതിവസിഷ്ഠന്മാരെന്നപോലെ എടപ്പുഴം അവിഭക്തനാരം, തപോനിഷ്ഠരമായശ്രീമതി ടി സി. കല്യാണിയമ്മ, ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ എന്നീ ദമ്പതിമാരുടെ പുണ്യാശ്രമമായ "കുമാരാലയം" ഒരു വിജ്ഞാനരത്നാകരമാകുന്നു. ആ ആകരത്തിൽനിന്ന് ഒന്നുരണ്ടാണ്ടുകൾക്കുമുമ്പെ "ഹിന്ദുമതം എന്നാലെന്തു" എന്നൊരു ഗ്രന്ഥരത്നം നമുക്കു ലഭിച്ചിട്ടുണ്ടല്ലോ. ആ രത്നദീപത്തിന്റെ പ്രകാശംകൊണ്ടു, അന്ധകാരാവൃതമായിരുന്ന ഹിന്ദുമതപന്ഥാവിലെ പല ഇടുക്കുവഴികളും സാമാന്യജനങ്ങൾക്കു സുഗമങ്ങളായിത്തീർന്നു. അതിന്റെ കനിഷ്ഠസഹോദരസ്ഥാനം വഹിച്ചുകൊണ്ടു ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നതാണു "ഗീതാമാഹാത്മ്യം" എന്ന ഈ അമൃതകുംഭം. സാക്ഷാൽ ഭഗവൽഗീതയുടെ മാഹാത്മ്യത്തെ പലരും പലവിധത്തിൽ വർണ്ണിച്ചിട്ടുണ്ടല്ലോ.

"സർവ്വോപനിഷദോ ഗാവോ
ദോഗ്ദ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സഃ സുധീർഭോക്താ
ദുഗ്ദ്ധം ഗീതാമൃതം മഹത്"

ഉപനിഷത്തുകൾ ഗോക്കൾ, കറന്നവൻ-
പശുപസൂനു, കിടാവതിനർജ്ജുനൻ
കറവകൊണ്ടുലഭിച്ചതുഗീതയാ-
മമൃത,തുണ്മതുസമ്മതിയായവൻ"

ഇങ്ങിനെ മിതാക്ഷരവും അമിതാർത്ഥവുമായ ഒരു ഗീതാമാഹാത്മ്യം പണ്ടേ സുപ്രസിദ്ധമാണു. ഭൂമിദേവിയും വിഷ്ണുഭഗവാനും തമ്മിലുള്ള സംവാദരൂപമായി:-"ഭഗവൻ! പരമേശാന!—ഭക്തിരവ്യഭിചാരിണീ
പ്രാരബ്ധം ഭുജ്യമാനസ്യ-കഥം ഭവതി ഹേ പ്രഭോ?"
"പ്രാരബ്ധം ഭുജ്യമാനോ ഹി-ഗീതാഭ്യാസരതഃ സദാ
സ മുക്തഃ സ സുഖീ ലോകേ-കർമ്മണാ നോപലിപ്യതേ!"
'ഏതന്മാഹാത്മ്യസംയുക്തം-ഗീതാഭ്യാസം കരോതി യഃ
സ തത്ഫലമവാപ്നോതി- ദുർല്ലഭാം ഗതിമാപ്നുയാൽ'
ഇത്യാദിയായ ഇരുപത്തുമൂന്നു പദ്യങ്ങളിൽ ഒരു ഗീതാമാഹാത്മ്യം വാരാഹപുരാണത്തിലുണ്ടു്. ഇതൊന്നുമല്ലാ ഇപ്പോൾ നമുക്കു കിട്ടിയ ഗീതാമാഹാത്മ്യം. ഈ ഗീതാമാഹാത്മ്യം പത്മപുരാണത്തിലടങ്ങിയതാണു്. പത്മപുരാണം പുരാണകർത്താവായ വേദവ്യാസമഹർഷിയുടെ പതിനെട്ടു പുരാണങ്ങളിലൊന്നാണെന്നും ശ്രീഭാഗവതമഹാപുരാണത്തിന്റെ ദ്വാദശസ്കന്ധത്തിൽ

ഏഴാമദ്ധ്യായം 23-ം 24-ം പദ്യങ്ങളിൽ സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്. അതിനാൽ, ഈ ഗീതാമാഹാത്മ്യത്തിൽ, സാക്ഷാൽ ഭഗവൽഗീതയിലെ പതിനെട്ടദ്ധ്യായങ്ങളിൽ ഒരോന്നും പതിവായിപ്പാരായണംചെയ്യുന്നവൎക്കു സിദ്ധിച്ചതായിപ്പറയുന്ന ഫലങ്ങൾ സാധാരണമനുഷ്യകവികളാൽ അതിശയോക്തിചെൎത്തു സ്വകപോലകല്പിതങ്ങളല്ലെന്നും, മനഃശ്ശുദ്ധിയും ജിതേന്ദ്രിയത്വവും നിഷ്കാമമായ ഭഗവത്ഭക്തിയും ഉള്ളവർ വിധിപോലെ പാരായണംചെയ്താൽ, ഇതിൽ പറയുന്ന ഫലങ്ങളൊക്കെയും അതിൽ കവിഞ്ഞവതന്നെയും സിദ്ധിപ്പാൻ വിരോധമില്ലെന്നും വിശ്വസിയ്ക്കാം.

അദ്ധ്യാത്മരാമായണംപോലെ, ഉമാമഹേശ്വരസംവാദരൂപത്തിലാണ് ഈ ഗീതാമാഹാത്മ്യത്തിന്റെ ആവിർഭാവം. ഗീതയിലെ പതിനെട്ടദ്ധ്യായങ്ങളുടെ മാഹാത്മ്യത്തെ പതിനെട്ടു കഥകളെക്കൊണ്ടു പരമശിവൻ, പാൎവ്വതിയെ ബോധിപ്പിക്കുന്നു. ബൃഹൽകഥ, വേതാളപഞ്ചവിംശതി മുതലായ കഥകളെപ്പോലെയാണ് ഈ പതിനെട്ടുകഥകൾ ഇതിൽ പ്രസ്താവിച്ചുകാണുന്നതു്. ഗീതയുടെ ഓരോ അദ്ധ്യായങ്ങളിലും അടങ്ങിയ വിഷയങ്ങളോടു പ്രസ്തുതകഥകൾക്കു വാച്യമായോ വ്യംഗ്യമായോ യാതൊരു സംബന്ധവും കാണുന്നില്ല. കുട്ടികളെ ഉറക്കുവാൻ വേണ്ടിപ്പറയാറുള്ള ധാത്രീകഥകൾപോലെ മാത്രമേ സഹൃദയന്മാർ ഈ കഥകളെ പരിഗണിക്കുകയുള്ളു. * പരമഭാഗവതനും സാഹിത്യകുശലനുമായ ഗീതാമാഹാത്മ്യകൎത്താവോ, അദ്ദേഹത്തിന്റെ ഉപദേശം സിദ്ധിച്ച സഹകാരിണിയോ, പ്രസ്തുത കഥകൾക്കു ഗീതാവിഷയങ്ങളോടു വല്ല സംബന്ധവുമുണ്ടെങ്കിൽ അതിനെ പ്രകാശിപ്പിക്കേണ്ടതു് അത്യാവശ്യമായിരുന്നു.

“ഗീത, പദാൎത്ഥംമനസ്സിലാക്കി രസിക്കുവാനുള്ള ഒരു കാവ്യമല്ല; അൎത്ഥഗ്രഹണത്തിന്നുശേഷം സാരാംശത്തെക്കുറിച്ചാലോചിക്കുകയും അതിൽനിന്നു സമ്പാദിക്കുന്ന അറിവിനെ സ്വാനുഭവപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതായ ഒരു ഉപനിഷത്താണ്. ഈ തരത്തിലുള്ള ധാരണകൊണ്ടു ഗീതാപാരായണത്താലുള്ള ഫലപ്രാപ്തി മുഴുവനും കൈവരും”എന്നു് ഈ ഗ്രന്ഥത്തിൽ (7-ാംഭാഗം) ഗ്രന്ഥകൎത്താക്കന്മാർ തന്നെ പറഞ്ഞിട്ടുള്ളതു് വായനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ഗീതയുടെ വക്താവായ ഭഗവാൻ ശ്രീകൃഷ്ണന്റേയും ശ്രോതാവായ അൎജ്ജുനന്റെയും തൽകാലാവസ്ഥയേയും മഹാഭാരതയുദ്ധാരംഭസന്ദൎഭത്തെയും കൂലങ്കഷമായിപ്പൎയ്യാലോചിച്ചാൽ, ലോകാചാൎയ്യന്മാരും, പാമരലോകത്തിന്റെ ദൃഷ്ടിയിൽ ഭിന്നന്മാരെന്നു തോന്നുന്നുവെങ്കിലും തത്വജ്ഞന്മാരുടെ ചിന്താദൃഷ്ടിയിൽ അഭിന്നന്മാരുമായ ആ നരനാരായണമൂൎത്തികൾ, ബദൎയ്യാശ്രമാദിപുണ്യസ്ഥലങ്ങളിൽവച്ചു സാക്ഷാൽ ശ്രീനാരദാദികൾക്കുപദേശിച്ച ദിവ്യതത്വങ്ങളെത്തന്നെയാണ് ഇവിടെയും ഗീതാമൃതമായി കറന്നെടുത്തു സുധീകൾക്കു പാനംചെയ്വാൻ കൊടുത്തിരിക്കുന്നതു് എന്നു സ്പഷ്ടമാകുന്നതാണ്.

ശ്രീമഹാഭാഗവതം ഏകാദശസ്കന്ധത്തിൽ പലേടത്തും വിശേഷിച്ചു ഇരുപത്തൊമ്പതാമദ്ധ്യായത്തിലും, ഈ ശ്രീകൃഷ്ണഭഗവാൻതന്നെ പരമഭാഗവതോത്തമനായ ഉദ്ധവൎക്കുചെയ്യുന്ന തത്വോപദേശത്തിൽ ഗീതയിൽ പ്രകാശിച്ചിട്ടില്ലാത്ത പല തത്വങ്ങളും സുവ്യക്തമാക്കിട്ടുമുണ്ട്. ഗീതയിൽ ജ്ഞാനകൎമ്മയോഗങ്ങൾക്കു ഭക്തിയോഗത്തേക്കാൾ അധികം പ്രാധാന്യം കൊടുത്തിട്ടുണ്ടെങ്കിൽ, ഭാഗവതത്തിൽ (ഉദ്ധവോപദേശത്തിൽ) ഭക്തിയോഗത്തിന്നു മററവയേക്കാൾ കൂടുതൽ പ്രാമാണ്യം സ്ഥാപിച്ചിരിക്കുന്നു. ഈ സംഗതി ഈ പുസ്തകത്തിന്റെ ആമുഖത്തിൽ 11-ാംഭാഗത്തിൽ ഉദ്ധരിച്ചിട്ടുള്ള “നിഷ്കാമം നിയതസ്വധൎമ്മചരണം” എന്ന ശ്ലോകംകൊണ്ടു നാരായണഭട്ടതിരി അദ്ദേഹത്തിന്റെ നാരായണീയത്തിൽ പ്രകടമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുതഗ്രന്ഥത്തിലെ പതിനെട്ടദ്ധ്യായങ്ങളടങ്ങിയ നാല്പത്താറുഭാഗങ്ങൾക്കു പതിനാറുഭാഗങ്ങളെക്കൊണ്ടു എഴുതിയിട്ടുള്ള ആമുഖത്തിൽ ഭാഗവതം, നാരായണീയം മുതലായവയിൽനിന്നു പല പദ്യങ്ങളും സന്ദൎഭാനുസാരേണ ഉദ്ധരിച്ചുചേൎക്കുകയും സംസ്കൃതഭാഷാനഭിജ്ഞന്മാൎക്കു അറിവാൻവേണ്ടി അവയുടെ സാരാൎത്ഥം ലളിതമലയാളഭാഷയിൽ അവിടവിടെത്തന്നെ കൊടുക്കുകയും ചെയ്തിട്ടുള്ളതു വായനക്കാൎക്കു വളരെ പ്രയോജനകരമായിട്ടുണ്ട്. ജ്ഞാനവൃദ്ധരും, വയോവൃദ്ധരുമായ ഈ ദമ്പതിമാരിൽനിന്നു് ഏതാദൃശങ്ങളായ ഗ്രന്ഥരത്നങ്ങൾ എത്രത്തോളം ലഭിക്കുവാൻ സംഗതിവരുന്നുവോ അത്രത്തോളം മലയാളഭാഷയ്ക്കും മലയാളികൾക്കും ലാഭംതന്നെ.

---

* ശ്രീ ഗീതാമാഹാത്മ്യം എന്ന പുസ്തകത്തിന്നു ഞങ്ങൾക്കുവേണ്ടി ഒരു യഥാൎത്ഥാഭിപ്രായമെഴുതുവാൻ ഞങ്ങൾ അപേക്ഷിച്ചതനുസരിച്ചാണ് പ്രസിദ്ധസാഹിത്യകാരനും, നല്ല പണ്ഡിതനുമായ ശ്രീ. കുന്നേഴത്തു പരമേശ്വരമേനോൻ ഈ ലേഖനമെഴുതിയതു്.
(പാ. പ.)

# * മനുസ്മൃതിഭാഷ.

(പരിഭാഷകൻ, പണ്ഡിതർ, ശ്രീ. ഇ. വി. രാമൻനമ്പൂതിരി.)

എട്ടാമദ്ധ്യായം.

[കുറിപ്പ്:- മനുസ്മൃതിയുടെ ആരംഭംമുതൽ ഇതുവരെയും ഏഴിൽപരം അദ്ധ്യായങ്ങളുടെ പരിഭാഷ "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതു്, വായനക്കാരിൽ പലരും അറിയുന്നുണ്ടായിരിക്കുമല്ലോ. ഇപ്പോഴാകട്ടെ, മതവിജ്ഞാനാഭിവൃദ്ധിയേയും സദാചാരസമ്പ്രദായാദികളേയും മററും പുരസ്കരിച്ചുകൊണ്ടു ഹൈന്ദവധർമ്മപ്രചരണാദി സാധിപ്പാനായി "പാരിജാതം" പുറപ്പെട്ടിട്ടുള്ളതുകൊണ്ടു സനാതനധർമ്മസർവ്വസ്വമായ മനുസ്മൃതിയുടെ പരിഭാഷാശേഷം ഇവിടെത്തന്നെ പ്രസിദ്ധീകരിക്കുകയാണ്. 1000ൽപരം പദ്യം അപ്പോഴും ഇവിടെ കാണാം. ഋണാദാനാദിവ്യവഹാരങ്ങളാണു ഈ അദ്ധ്യായത്തിലെ വിഷയം. സ്മൃതിസിദ്ധാന്തങ്ങൾക്കു തികച്ചും ഗണനീയപ്രമാണമാകയാൽ, ഇതിന്റെ ശ്രദ്ധേയതയെപ്പററി വിശിഷ്യ പറയുവാനില്ലല്ലോ. സാങ്കേതികശബ്ദങ്ങൾക്കു അവിടവിടെച്ചുവട്ടെ അർത്ഥം പറഞ്ഞിട്ടുണ്ടു്. അനുസ്യൂതമായി വായിക്കുന്നവർക്കു പ്രായേണ ഒരാവൃത്തി വായനയിൽ തന്നെ അർത്ഥഗ്രഹണം ഉണ്ടാവത്തക്കവണ്ണമാണു പരിഭാഷയുടെ ഗതി. സാമുദായികമായി നോക്കിയാൽ, സ്മൃതിജീവിതത്തിനുള്ള പ്രാധാന്യം അനപലപനീയമാണ്. സമ്പൽസമൃദ്ധിയിൽ സുഖിക്കുമ്പോഴും ആപല്പ്രാപ്തിയിൽ വലഞ്ഞു വിഷമിക്കുമ്പോഴും ഏതാണു വേണ്ടതു്, എങ്ങനെയാണു കഴിയേണ്ടതു്, എന്നു സ്മൃതികളാണു വാസ്തവത്തിൽ ഈ ലോകത്തിനുപദേശം നൽകിക്കൊണ്ടിരിക്കുന്നതു്. വേദങ്ങളുടെ അടുത്തപടിയിലാണു സ്മൃതികളുടെ നിലയും വിലയും. അനതിക്രമണീയങ്ങളായ പരമാർത്ഥങ്ങളാണവ.

[പരിഭാഷകൻ]

114. ബലാലാധി ഭുജിക്കൊല്ല,-ഭുജിച്ചാൽ വൃദ്ധിവാങ്ങൊലാ;
വിലയും നൽകണമുണ്ണി-ക്കല്ലെന്നാലാധിചോരനാം.

145. ഉപനിധ്യാദികൾക്കില്ല-താൻ, കാലഹരണം പരം,
ബഹുകാലമിരുന്നാലും-തിരിച്ചേകേണ്ടതാണവ.

146. *പൈ,യശ്വം,ഒട്ടകം,കാള-യിത്യാദ്യങ്ങാനുസൃഷ്ടിയാൽ
ഉപയോഗാർത്ഥമേകീടിൽ-തൽസ്വാമ്യം നഷ്ടമായിടാ.

147. ഏതെങ്കിലും വസ്തു, പത്തു-കൊല്ലം തത്സ്വാമി മൌനിയായ് (ൻ.
കാണ്കെപ്പരൻ ഭുജിച്ചെന്നാൽ-പിന്നെ സ്വാമി ലഭിച്ചിടാ

148. *പോഗണ്ഡനും ജഡനുമ-ല്ലുടയോൻ തത്സമക്ഷ
ദ്രവ്യഭുക്തിയുമെങ്കിൽ,തൻ-സ്വാമ്യം ഭോക്താവിന്നാം പരം.

149. ബാല-ശ്രോത്രിയ-രാജ-സ്വം,-ബന്ധകം,നിക്ഷേപം, ദാസിമാർ,
നിക്ഷേപമോടുപനിധി-യിവ ഭോക്തൃസ്വമായിടാ.

150. ഉടയോനറിയാതെത്തു-മൂഢനാധി ഭുജിക്കുമോ?
അവൻ പ്രായശ്ചിത്തമായി-പ്പാതിപ്പലിശനീക്കണം.

151. പലിശയ്ക്കിട്ട മുതലോ-ന്നിരട്ടിയിൽ മികച്ചിടാ;
ധാന്യം,*സദം,*ലവം,കാള-യിതെല്ലാമഞ്ചിരട്ടിയാം.

152. വർണ്ണക്രമാൽ ഉചിതികമായ്-ച്ചൊന്ന വൃദ്ധിയിലും പരം
വാങ്ങൊലാ; നൂറിനഞ്ചാദി-ധർമ്മഭ്രഷ്ടപ്രകാരമാം.

153. ആണ്ടതിന്നാൽ നിയമവൃ-ദ്ധിയു,മാധർമ്മ്യവൃദ്ധിയും
വിട്ടു; *ചക്ര്യം,കാലികം,കാ-യികം,കാരിതവും തഥാ.

154. കടംതീർപ്പാൻശക്തിയേന്യ-രേഖമാററാൻ തുടങ്ങുവോൻ
കൊടുക്കേണ്ടും വൃദ്ധിനൽകി-ക്കരണം മാററണം ക്ഷണം.

155. പലിശത്തുകയും കാല-ത്തേകാനാകാതെ പോകിലോ,
കരണത്തിൽ ചേർത്തു നൽക്ക-പലിശപ്പലിശപ്പണം.

156 ദേശകാലവ്യവസ്ഥയ്ക്കു-ചക്രവൃദ്ധിസ്ഥനാം ധനി
വ്യവസ്ഥ നിറവേറായ്കിൽ-പൂകിടാ പൂർണ്ണമാം ഫലം.

157. ജലസ്ഥലഗതിജ്ഞന്മാർ,-ദേശകാലാർത്ഥവേദികൾ
വണിഗാദ്യർ വിധിക്കുന്ന-തുകതാനങ്ങു വാങ്ങണം. (ിം

158. 'കാണിക്കാമുണ്ണിയെവേണ്ട-സമയത്തെ'ന്നു ജാമ്യ
ഏററോൻ,കാണിക്കായ്കിലേകീ-ടണം,താൻതാ-(മായ്
ന്നുണം ദ്രവ്യം. (നം,

159. ജാമ്യദ്രവ്യം,വൃഥാദാക്ഷാർത്ഥം,-ദ്യൂതമദ്യപരം ധ
പിഴപ്പണം,ശുല്കശേഷ-മിവ നൽകേണ്ട താൻമകൻ.

160. കാണിക്കാനുള്ള ജാമ്യത്തിൻ-കാര്യമാണിപ്പറഞ്ഞതു്;
ദാനജാമ്യസ്ഥനാമപ്പൻ-ചത്താൽ പുത്രാദി നൽകണം.

161. ഉത്തമർണ്ണനു പെട്ടെന്നു-ധനം ജാമ്യസ്ഥനാസ്ഥ,
കൊടുക്കാതെ മരിച്ചാൽ,പി-ന്നെപ്പെട്ടിടാകുമദ്ധനം.?

162. ജാമ്യസ്ഥനു കടം കൊണ്ടോൻ-ധനമേറെക്കൊടുക്കുകിൽ,
തൽപുത്രൻ തന്മുതലിൽനി-ന്നുത്തമർണ്ണാർത്ഥമേകണം.

*പണയപ്പണ്ടം. *പോഗണ്ഡൻ=16 വയസ്സാകാത്തവൻ. *സദം=വൃക്ഷഫലം. *ലവം=ഉർണ്ണാലോമം
*ഇതുനാലും വൃദ്ധിവിശേഷങ്ങൾ. * ചക്രവൃദ്ധി=ചക്രവർദ്ധകടാദിഭാരത്രപാവൃദ്ധി എന്നു 'കല്ലകൻ'.

# എന്റെ സാഹിത്യസ്മരണകൾ.

XII

(ശ്രീ. പി. വി. കൃഷ്ണവാരിയർ, കോട്ടയ്ക്കൽ.)

വല്ല വിഷയവും തേടിപ്പിടിച്ചു കവിതയെഴുതുക എന്ന സമ്പ്രദായം എനിക്കില്ലെങ്കിലും അതിനു് ഒഴിച്ചുകൂടാത്ത ചില സന്ദർഭങ്ങൾ ഇടയ്ക്കിടയ്ക്കു വന്നു ചാടാതിരിക്കുകയില്ല. അതുപ്രകാരം ഈ കാലത്തു തന്നെ വേറെയും ചില കവനങ്ങൾ ഉണ്ടാക്കേണ്ടതായി വന്നിട്ടുണ്ടു്. അവകയിൽ പ്രധാനമായ ഒന്നു് ഒരു ശ്രേഷ്ഠസുഹൃത്തിന്റെ ഒഴിച്ചുകൂടാത്ത നിർബ്ബന്ധനിമിത്തം മൂന്നു വൃത്തങ്ങളിലായി നാല്പതു ശ്ലോകം നിർമ്മിച്ചിട്ടുള്ളതാണു്. "ഒരു സാന്ത്വനം" എന്നായിരുന്ന അതിന്റെ തലവാചകം. പ്രബലനായ ഒരാളുടെ നിർബന്ധം കൊണ്ടു തന്റെ പ്രാണപ്രേഷ്ഠപ്രണയിനിയെ പെട്ടെന്നു വിട്ടുപിരിയേണ്ടിവന്ന കമിതാവു് പ്രിയതമയെ സമാധാനിപ്പിക്കുന്നതിന്നാണു് ഇതെഴുതിയിട്ടുള്ളതു്. ഈ കൃതിയിൽ ആദ്യത്തെ ഇരുപതു ശ്ലോകം "വിയോഗിനി" വൃത്തത്തിൽ അന്യാപദേശരീതിയിലും, പിന്നെ പത്തു "വംശസ്ഥ" വൃത്തത്തിൽ കാര്യം വ്യക്തമാക്കിയും ഒടുക്കത്തെ പത്തു "മാലിനി" വൃത്തത്തിലുമാണു്. ഈ വകയിൽ പ്രത്യേകം ഓർമ്മയുള്ളതെല്ലാം താഴെ എഴുതാം.

"സഹകാരമരത്തൊടെപ്പൊഴും
സഹവാസോത്സവമാർന്നമാലതി,
സഹസാ പിരിയുന്നിതോ ദു-
സ്സഹമാം കാററടിയേററമേററു നീ. 1

അടിതൊട്ടതികൌതുകാലിതിൻ
തടിമേൽ ചുററുമണഞ്ഞു ചുററി നീ
വടിവോടു വിളങ്ങിടും വിധൌ
പൊടിയാർത്തുഗ്രമടിച്ചു മാരുതൻ. 2

പെരുശാഖകളാൽ പരസ്പരം
മാറണച്ചുത്തു പുണർന്നൊരാരതം
മറവും വഴറ്റിരിക്കവാ-
നൊരു കാററു തുനിഞ്ഞു നിർദ്ദയം 3

ക്രമമോടൊരു വള്ളിയാശ്രയ-
ദ്രുമമില്ലാതെ പടർന്നുകേറുമോ?
ഭ്രമമാർന്നതകത്തി നിർത്തുവാൻ
ശ്രമമിക്കാററു തുടർന്നു ദുസ്സഹം. 4

സദയമിസ്സഹകാരമാലതീ-
ദ്വയമിന്നാശു പിരിച്ചുവെക്കുവാൻ
ഉദവിട്ടനിലൻ ശ്രമിക്കിലോ
നിയതം നാശമിവർക്കതിൻ ഫലം. 5

മതിമോഹനമായ ചില്ലപ-
ന്തിതിമോദാൽ മുറുകെപ്പിടിച്ചു നീ
അതിരററ രസത്തിലാഴ്ത്തി മു-
ന്ദിതിനെക്കവെല ബാലലീലയിൽ. 6

തവ മാലതി, നല്ല കുഡ്മളം
നവമായ് മുമ്പുളവായ നാൾമുതൽ
പവനാഹതി ഭീതികൈവെടി-
ഞ്ഞിവനാണാരസമാസ്വദിച്ചതും. 7

---

163. മത്തോന്മത്താർത്തദാസന്മാർ,-ബാലന്മാർ, വൃദ്ധരും തഥാ,
അയുക്തമായ് ചെയ്തുകട-മിടപാടതസാധുവാം (ദാം.
164. പാരമ്പര്യം,സദാചാരം,-ധർമ്മമെന്നിവവിട്ടൊ
ന്നൊന്നുരേഖപ്പെടുത്തിപ്പോ-യെന്നാലുമതസാധുതാൻ.
165. കള്ളപ്പണയവും,കള്ള-ക്കൊള്ളക്കൊടകളും തഥാ
കള്ളക്കച്ചോടവും, കള്ള-മുള്ളതെല്ലാമസാധുതാൻ.
166. വാങ്ങിച്ചോൻമൃതനായ്, വിത്തം-കുടുംബാർത്ഥമെടുത്തതാം;
ഏവമായാൽ,വിഭാഗിച്ച-ബന്ധുക്കളുമതേകണം.
167. സ്വദേശത്തോ,വിദേശത്തോ,-പാർക്കട്ടെയുടയോൻതദാ.
കുടുംബാർത്ഥംദാസനാലു-മിടപാടുംസുസാധുവാം.
168. ബലാദ്ദത്തം,ബലാദ്ഭക്ഷിതം,-ബലാൽതന്നെ പ്രവിലേഖിതം.
ബലാൽചെയ്തവചെയ്യാത്ത-താണെന്നാംമനുവിൻമതം
169. ക്ലേശിപ്പുമൂവരന്യർക്കായ്-*കുലസ്ഥൻ, സാക്ഷി, ലഗ്നകൻ;
വിപ്രൻ,ധനി,വണിക്,ഭൂപൻ-ഇന്നാൽവർ സസമൃദ്ധരാ
170. അഗ്രാഹ്യത്തെഗ്ഗ്രഹിക്കൊല്ലാ-നൃപൻക്ഷീണിച്ചുപോകിലും;
സമൃദ്ധനാകിലുംഗ്രാഹ്യ-മർത്ഥംതെല്ലും ത്യജിക്കൊലാ.

(തുടരും)

---

* കുലം = കോർട്ട് (കോടതി); തൽപ്രധാനൻ കുലസ്ഥൻ.

കളകോമളരക്തപല്ലവം,
വളരും മഞ്ജുളമഞ്ജരീഭരം
അളവററ രസാലിതൊക്കെ നീ-
യിളവില്ലാതിവനേകി നിത്യവും. 8
ഇളകും സ്തബകം, മിളിന്ദമം
ഗളനാദം, മധുമാധുരീരസം,
തളരും തന്നു, നിൻ വിലാസകോ-
മളലീലാസ്യമിയന്നു നൽകി നീ. 9
നവലാസ്യവിശേഷപേശലം
തവലാവണ്യമിതന്യദുർല്ലഭം
നവമാലതി, ഗന്ധവാഹനാം
പവമാനൻ പാരേനകിട്ടുന്നതോ? 10
പവനനൊരസൂയവായ്ക്കയാ-
ലവനത്യുഗ്രമെതിർത്തടിക്കവേ
ശിവനേ! പിടിവിട്ടു കന്നനി-
യവനിത്തട്ടിലടിഞ്ഞുവീണിതേ! 11
പെരികെത്തവബന്ധുഭാവമാ-
ന്നീകന്നന്യമഹീരുഹങ്ങളും
ശരിയായിവനോടു നീയുമേ
പിരിയാനേറെ ചലിച്ചിടുന്നിതോ? 12
അളിമാലകൾ ചിന്നി വാടി നൽ-
തളിരും, ധൂളിയടിഞ്ഞു മഞ്ജരി,
ലളിതം കുളിർമെയ് കരിഞ്ഞു നീ
തെളിവററിങ്ങനെ മങ്ങിടുന്നിതോ? 13
ഫലകാലമടുത്തിടാതിനി-
പ്പലകാലം വളരും രസാലവും
ബലമേറിന കാററടിയ്ക്കയാ-
ലചലമയ്യോ! വലയുന്നു മാലതി. 14
സരസസ്ഥിതിയാർന്നിവന്നൊഴും
മുരടും കൂടിയടിച്ചു വീഴ്ത്തുവാൻ
പരനാകിയ വായു നിർദ്ദയം
തരമുണ്ടല്ലൊ കാണ്മതില്ലയോ? 15
സവിധത്തിലണഞ്ഞു പാടല-
ഛവിയാം പേലവപല്ലവത്തെ നീ
അവിശങ്കമിവന്നു നല്ലമാ-
സ്സവിലാസസ്ഥിതി ഹാ! മറക്കുമോ? 16
പവമാനവിരോധജാതമാ-
മവമാനത്തെയകത്തമർത്തി നീ
നവമാലതി, മാലൊഴിക്കുവാൻ
നവമാലിംഗനമേകുമെന്നിനി? 17
പരിപന്ഥികളീയിവർക്കെഴും
പരിരംഭത്തിലസൂയവായ്ക്കുവോർ
പരിതാപഭരം വളർത്തുവാൻ
പരിചിൽ ചെയ്യുമനേകദുർന്നയം. 18

അതു നീ നിരൂപിക്ക, മേലിലീ-
യതുലാപത്തുവരാതെ കാക്കുവാൻ
പുതുതാംവഴി നോക്കി വാഴ്ക, ന-
ല്ലതു വന്നിടു, മൊഴിക്ക സങ്കടം. 19
ഗിരിശാങ്കമലങ്കരിച്ചെഴും
ഗിരിരാജാത്മജയായ പെണ്ണെടി
പരിതാപമൊഴിച്ചു കാക്കുവാൻ
പരിചോടെപ്പൊഴുമോർത്തുണ്ടിവൻ. 20

ഇതിനെത്തുടർന്ന് "വംശസ്ഥ" വൃത്തത്തിൽ പത്തു ശ്ലോകമാണുള്ളത്. അതിൽ ഓർമ്മയുള്ളതു താഴെ എഴുതാം.

കളിന്ദകന്യാപുളിനത്തിൽ നിത്യവും
കളിക്കുവാൻ രാധയൊടൊത്തു രാത്രിയിൽ
ഒളിച്ചുചെല്ലും മധുവൈരിമാനസം
തെളിഞ്ഞു കാമം തവ നല്കിടും ദൃഢം. 1
മനോരഥം നീയറിയുമ്പോലെ നിൻ
മനോവിനോദത്തിനുമാനിനീമണേ,
മനോജ്ഞപദ്യങ്ങളിതാ തരുന്നു ഞാൻ
മനോഭവശ്രീജയവൈജയന്തികേ! 2
ഒരിക്കലീമട്ടഴലുഗ്രമേല്ക്കുമെ-
ന്നൊരിക്കലും നാം കരുതാതിരിക്കവേ,
കരുത്തൊടും തീമലപൊട്ടിടും വിധം
പെരുത്തൊരാപത്തു സംഭവിച്ചുതേ 3
പരസ്പരം പ്രേമമൊടംഗഭ്രൂകലാ-
പരമ്പരാപാരമണഞ്ഞിരുന്നനാം
പരന്നതാപാബ്ധിയിൽ വീണുകേഴിതാ-
പരം പതങ്ങുന്നു ഭയാതുരേക്ഷണേ! 4
കൃശാംഗി, മാർത്താണ്ഡനടുത്തു നിന്നിടും
ശശാങ്കനുള്ളാക്കലയെന്നപോലെ നി-
ട്ടരംകരഞ്ഞിടിന കാന്തിയോടുമി-
ന്നാശങ്കമത്യുൽക്കടതാപമേല്ക്കയായ്. 5
കലാമണാളന്റെ കലാഭിമാനവും
കലാശമാക്കും തവമന്ദസ്മിതോദയം
വിലാസവായ്പോടൊരുനോക്കുകണ്ടുനി-
സ്തുലാമൃതാംഭോധിയിലാഴുമെന്നു ഞാൻ? 6
വിലോലമാംവേണി, വിളങ്ങുമാനനം,
വിലോചനം രാഗവിശാലപേശലം,
വിലോഭനീയാകൃതിയേവമെന്നു ഞാൻ
വിലോകനം ചെയ്യുമെന്നിനിപ്രിയേ! 7

* * *

"മാലിനീ" വൃത്തത്തിലും ഒന്നൊഴികെ ഓർമ്മയുള്ളതെല്ലാം താഴെകാണിക്കാം.

"മലമകളുടെ പാദാംഭോജമമ്പോടു ചേർത്തോ-
മലമകലെയൊഴിക്കാനിക്ഷണം കൈവണങ്ങി

നലമൊടു തവതാപം തീർത്തൊരാശ്വാസമേകാൻ
ചലമിഴി, ചിലപദ്യം തീർത്തയക്കുന്നിതാ ഞാൻ. 1
പരുഷമശനിപാതം പോലെ വന്നാപതിച്ചു-
ള്ളൊരു കഠിനവിപത്താലിപ്പൊളെന്നൽ പലാക്ഷി!
ഉരുതരമുരുകുന്നുണ്ടുള്ളമെന്നാലുമെന്താ-
ണൊരു ശരണമിതെല്ലാമീശ്വരന്നിച്ഛയല്ലോ. 2
തരുണികൾമണിയാളേ, താപമിവണ്ണമാർക്കും
വരു, മതുവകവെക്കാനില്ലിനിത്തെല്ലുപോലും;
കരുതണമിനിമേലാൽ നോക്കു സൌഖ്യം വരാനു-
ള്ളൊരുവഴി, യതുമാത്രം പോരുമംഭോരുഹാക്ഷി! 3
കുരുനിരചെറുകാററത്താടിയും, മോടിയോടാ-
ച്ചെറുമുലയണിമഞ്ഞച്ചട്ടമേൽ ബുക്കുവെച്ചും,
അരുവയർമണി നീ മുമ്പിങ്ങു വായിക്കുവാനായ്
വരുമൊരുവരവിപ്പോളെന്നപോൽ തോന്നിടുന്നു. 4
പരമസമയമാണെന്നാലുമന്നേരമോമൽ-
പരഭൃതമൊഴി, നീയിങ്ങെത്തുമെന്നോർത്തുകാലെ
പരമരസമൊടും ഞാൻ കാത്തിരുന്നുള്ളതും നിൻ
സ്മരണയിലിനിമങ്ങിപ്പോകുമക്കാലമുണ്ടോ? 5
അരുവയർമണിയാളേ, നോവൽ വായിക്കുവാൻ നാ-
മിരുവരവിടെയൊന്നിച്ചുല്ലസൽ പല്ലവാംഗി,
ഒരുവിധമതുകൊണ്ടും മററുമായന്നു നിത്യം
മരുവിന കഥയിന്നും നന്മയോടോർമ്മയില്ലേ? 6
സുരതസമയഖേദാൽ ഛിന്നിടും ചാരുവേണീ-
ഭരമഴകൊടുകെട്ടീട്ടൊന്നു കണ്ണാടി നോക്കാൻ
വരുതനു, തുനിയുമ്പോളൊന്നു ചുംബിക്കുവാൻ ഞാൻ
ത്വരയൊടണയുമാമട്ടിന്നുമോർക്കുന്നതില്ലേ? 7
തവമൃദുതനുസംസ്പർശോത്സവം ചേർന്നു നിത്യം
നവനവമൊരു കേളീഭേദമാനന്ദസാന്ദ്രം
ഇവനനവധിമുന്നം നിന്നൊടൊത്താടി നാനാ-
ദ്ദിവസമിനി നമുക്കുണ്ടാകുമോ ചാരുവാളം? 8
മതിമതി; കഥയേവം വിസ്തരിച്ചോതി ഞാനെൻ-
മതിമതി, തവദുഃഖം പുത്തനാക്കുന്നതില്ല;
മതിമുഖി, യിനിയോഗം പോലെയാവാമതെല്ലാ,-
മതിനഖിലരുമെന്നും കീഴടങ്ങുന്നതല്ലേ? 9

ഇതിൽ രണ്ടുമൂന്നുശ്ലോകങ്ങളിൽ ശൃംഗാരം അത്യുത്തിവിട്ടിട്ടുണ്ടെങ്കിൽ സ്മരണകളുടെ യാഥാർത്ഥ്യമാണതിന്നുത്തരവാദി. ഈ കവിതയുണ്ടാക്കിയതിന്നടുത്ത് ഒരവസരത്തിൽ കുഞ്ഞുക്കുട്ടൻതമ്പുരാൻ തിരുമേനിയെ കണ്ടപ്പോൾ "പുതിയ കവിതകൾ വല്ലതുമുണ്ടെങ്കിൽ ചൊല്ലുവാൻ" അവിടുന്ന് ആവശ്യപ്പെടുകയും, ഈ നാല്പതുശ്ലോകവും ഞാൻ അവിടുത്തെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു. അവിടുന്നിതിനെപ്പററി വളരെ ശ്ലാഘിക്കുകയും, അടുത്തലക്കം "രസികരഞ്ജിനി"യിൽ പ്രസിദ്ധപ്പെടുത്തുവാൻ ഇതെഴുതിക്കൊടുക്കണമെന്നു നിർബ്ബന്ധിച്ചു പറകയും ചെയ്തുവെങ്കിലും ആലോചിക്കാമെന്നുമാത്രം തല്ക്കാലം സമാധാനം പറഞ്ഞു ഞാൻ ഒഴിഞ്ഞുപോന്നു. പിറേറദിവസം ഉച്ചക്ക് എനിക്കു താഴെകാണിച്ച കത്തു കയ്യിൽകിട്ടി.

"നിരവഗ്രഹസൌഹൃദാർദ്രരാം
വരനും വല്ലഭയാൾക്കുമൊപ്പമേ
വിരഹവ്യസനം വളർത്തിടും
ദുരവസ്ഥയ്ക്കു സദാ തൊഴുന്നു ഞാൻ. 1
സ്വയമെന്തൊരു കാരണത്തിലോ
നയമേറുന്ന ഭവാൻ യഥാക്രമം
മദമോടെഴുതിച്ചമച്ച വാങ്-
മയപീയൂഷരസം മനോഹരം. 2
പ്രിയതൻവിരഹം വിയോഗിനീ-
മയവൃത്തത്തിൽ വിചിത്രരീതിയിൽ
നയമോടു ഭവാൻ കൃതിച്ചതാ-
കിയ പദ്യാവലി നന്നുനന്നെടോ.! 3
സ്മയമേറിയ സൂചകൻെറ ദുർ-
ന്നയമേറെററ വിയോഗവീഴ്ചയിൽ
ദയനീയകവിപ്രലാപവും
ജയഭേരിധ്വനിപോലെയായിതേ. 4
ക്രയവിക്രയരീതിസൌഹൃദ-
വ്യയവിദ്യയ്ക്കു വിധിച്ചിടായ്കയാൽ
നിയതം വിരഹം പെടുന്നതും
പ്രിയവൃത്തിക്കൊരു വൃദ്ധിയാസ്പദം. 5
ഇരുഭാഗവുമൊപ്പമിഷ്ടമാ-
ന്നൊരു നാരിക്കുമഹോ നരന്നുമേ!
വരുമാ വിരഹം സമാഗമ-
ത്തിരുനാൾക്കുള്ളൊരു പാകശാലയാം. 6
അതിനാലയി നീ വിയോഗിനീ-
സ്ഥിതി കണ്ടിണ്ടൽ പൊറാഞ്ഞു സാദരം
ധൃതിയിൽ കൃതി ചെയ്തതായൊരാ-
കൃതിയാം സദ്യയിലഷ്ടികിട്ടിമേ. 7
കൊതിയുന്നു കുറച്ചുകിട്ടിയാൽ
മതിയാവില്ലതുകൊണ്ടു വീണ്ടുമേ
മതിമൻ, മുഴുവൻ തരേണമെ-
ന്നതിശാഠ്യത്തൊടു ഞാനലട്ടുമേ. 8
ക്രമമായ് മുഴുവൻ പകർത്തുടൻ
സമയം പോലെയെനിക്കയയ്ക്കുവാൻ
മമതാജലധേ! ഭവാനിനി
സ്വമതം തോന്നണമെന്നപേക്ഷമേ." 9

ഈ കത്തിന്ന് അപ്പോൾതന്നെ താഴെ എഴുതുന്ന മറുപടി ഞാനയച്ചു.

"അവിതർക്കമിവൻ കൃതിച്ചൊരാ-
ക്കവിതയ്ക്കില്ലവിശേഷമെങ്കിലും
അവിടുന്നതിലിത്രമേൽഗുണം
കവിയും മാതിരി കണ്ടതൽഭുതം. 1
കൃതിയാമവിടുന്നു കേട്ടൊരെൻ-
കൃതിയാകെ ക്രമമോടു കിട്ടുവാൻ
കൊതിയാർന്നിതിവന്റെ പുണ്യസം-
തതിയാലെന്നു നിനച്ചിടുന്നു ഞാൻ. 2
നലമോടവിടുന്നു നോക്കിയാൽ
പല സാരങ്ങളുമിങ്ങറിഞ്ഞിടാം;
ജലരാശിയിൽ മുങ്ങിയെങ്കിലേ
ചില രത്നങ്ങൾ നമുക്കു കൈവരൂ. 3
മടിയാതതശേഷവും പക-
ർന്നടിയൻ നൽകുകവേണ്ടതെങ്കിലും
മടിയുണ്ടു, സമസ്ഥനിപ്പൊഴും
കൊടിയോരാർത്തി കെടാതിരിക്കയാൽ. 4
അനിയന്ത്രിതമായ താപമൊ-
ന്നിനിയൊട്ടൊട്ടു ശമിച്ചിടും വിധൌ
കനിയുന്നവിടയ്ക്കു നോക്കുവാൻ
തനിയേ നൽകുവനില്ല സംശയം." 5

ഇതു കിട്ടിയാലുണ്ടോ തമ്പുരാനടങ്ങിയിരിക്കുന്നു. പിറേറന്നുച്ചയ്ക്കു താഴെകാണുന്ന ഒരു കത്തു വീണ്ടും എനിക്കയച്ചു.

"മതിചൂടിന മാരവൈരിതൻ
മതിയിൽപെട്ടുടൽപാതിയാക്കിയോൾ
മതിയാം ദയയുറവലച്ച കൺ-
മതിയേററം സുഖമെന്നുമേകുവാൻ. 1
പതിവായ്ക്കവിതയ്ക്കു നോക്കിടാ-
തതിലങ്ങിങ്ങു ചിലപ്പൊളീവിധം
കൃതിചെയ്തതുമിത്ര സുഷ്ഠുവാ-
വതിലാണേററമെനിയ്ക്കൊരൽഭുതം. 2
രതി കാത്ത വധൂവരർക്കെഴും
രതിയഗ്രാമ്യനിലയ്ക്കുരയ്ക്കുവാൻ
ഇതിലങ്ങു പിടിച്ച രീതിതൻ
ഗതിയിന്നേററമെനിയ്ക്കൊരൽഭുതം. 3
അതിയായ് രസശുദ്ധിയുള്ള നൽ-
പ്പുതിയൊരാകൃതിരീതി, കേൾക്കുവാൻ
ധൃതിയോടുമെനിക്കു കേവലം
കൊതിയുണ്ടായതിലെന്തൊരൽഭുതം? 4
ചതികണ്ടു വിരോധവീരരും-
കൃതിതീരുംവരെയും വിചക്ഷണ!
സ്ഥിതികണ്ട ഭവാൻ മറച്ചുവെ-
ച്ചതിലുണ്ടിയിവന്നേററമൽഭുതം. 5
പറയുന്നവർ കണ്ടതൊക്കെയും
പറയുന്നു നമതിന്നുമെന്തെടോ;
അറിയുന്നവർ സത്യമുള്ളതൊ-
ന്നറിയുമ്പോളിതിലാദരിക്കുമേ." 6

ഈ കത്തിന്നു ഞാൻ പിന്നെ എന്താണെഴുതിയതെന്ന് ഇപ്പോൾ തീരെ ഓർമ്മയില്ല. ഒടുവിൽ പ്രസ്തുതവിഷയം കലാശിപ്പിച്ചതു് സംസ്കൃതത്തിലെ "കദാനപഞ്ചക"ച്ഛായയിൽ അഞ്ചു ശ്ലോകംകൊണ്ടാണ്. ദണ്ഡിയുടെ കൃതിയെന്നു പ്രസിദ്ധമായ "കദാനപഞ്ചകം" ഭാഷപ്പെടുത്തിക്കൊടുക്കുവാനാണു എന്നോടാവശ്യപ്പെട്ടത്. ഞാനതിന്ന് ശ്രമിച്ചുനോക്കിയപ്പോൾ നല്ലഭാഷയാവുന്നില്ലെന്നു തോന്നിയതിനാൽ വേറെ ഒന്നെഴുതിക്കൊടുത്താൽ പോരേ എന്നു ചോദിക്കുകയും, അനുമതിഎന്നു സമ്മതിക്കുകയും ചെയ്തതുകൊണ്ടു് താഴെകാണിച്ച അഞ്ചു ശ്ലോകംകൂടി ആ സുഹൃത്തിന്നു എഴുതിക്കൊടുത്തു.

"മാലേയംതടവുന്ന മാറിടമണ-
ച്ചാലിംഗനം ചെയ്തു, നൽ-
പ്രാലേയാംശുവിലാസിയാം തവമുഖം
ചുംബിച്ചു ബിംബാധരേ!
കാലേ കാമിനി! കാമനീതികലിതാ-
നന്ദം പ്രയോഗിക്കുവാൻ
ബാലേ! കേളിവനെന്നു സംഗതിവരും
നീലാളിമാലാളകേ! 1
അരിയകലഹഭാവം പൂണ്ടുമി-
ണ്ടാതെഴും നി-
ന്നരികിലിവനണഞ്ഞിട്ടാശ്രു ചും-
ബിച്ചിടുമ്പോൾ
പരിഭവമൊടു ചൊല്ലും കണ്ണുപീ-
യൂഷമാം നിൻ
പരിമൃദുമൊഴി കേൾപ്പാനെന്നിനി
ധന്യനാം ഞാൻ.? 2
അങ്കത്തിങ്കലണച്ചു ഞാൻ തവ മടി-
ക്കത്തൊന്നഴിച്ചുല്ലസൽ-
ത്തങ്കത്തൂണുകൾ തോൽക്കുമൂരുയുഗളം
ബാലേ! തലോടി ക്രമാൽ

XII—മേത്തോതായി പരിശോധിക്കേണ്ടതാണു ഈ ഭാഗം. ലേഖനങ്ങൾ എടുത്തു ക്രമപ്പെടുത്തിയപ്പോൾ ഈ ഭാഗം ചേർക്കേണ്ടതിന്നു പകരം മുൻചേർത്തഭാഗം തെററായി ചേർത്തുപോയതിൽ വ്യസനിക്കുന്നു. (പ. പ.)

# * പഴയ കവിതകൾ—ദേവീസ്തവം.

(യമകം)

(ഒരു മണിക്കൂറുകൊണ്ടുണ്ടാക്കിയെഴുതിയതു്)

(കഴിഞ്ഞുപോയ ശ്രീ. കാത്തുള്ളിൽ അച്യുതമേനോൻ—സമ്പാദകൻ, ശ്രീ. കുന്നേഴത്തു പത്മനാഭമേനോൻ)

ഭുവനത്തിനു വെണ്മഴവായെഴും
തവകടാക്ഷവിമോക്ഷമരക്ഷണം
കുവലയാക്ഷി! വരാത്തതുകാരണാ-
ലിവനിതാ വനിതാവശനീശജേ! 1
ഭവഭയാഴിയിലാശുമറിഞ്ഞുവീ-
ണിവനഹോ വലയുന്നു നിരന്തരം
ശിവസുതേ! ശിവദായിനി! മേമന-
സ്സവശമേ വശമേ നിലനിർത്തണേ! 2
അപരദാരധനാദിയിലാശകൊ-
ണ്ടപകടം പിണയുന്നു ദയാനിധേ!
കൃപ നിനക്കുളവാകുകിലന്നുപോം
ചപലതാ ചലതാപവിനാശിനി! 3
ശുകമുഖാനതയായനിനക്കു മു-
ന്തകതലത്തിലുദിക്കുകിലംബികേ!
സുകവിയാസ്സരുമിശ്ശിവനപ്പൊഴേ
സകലരുംകലരും ബഹുസമ്മതം. 4
സതതഭക്തിയൊടൊത്തുഭജിക്കുമാ-
ശ്രിതജനാഭിമതപ്രദയാം ശുഭേ!
ചിതമെഴും കൃതിയെപ്പൊഴുമസ്സലാ-
യുതരണേ തരണേ മമ മംഗളം. 5
വകതിരിക്കുറവുണ്ടിവനെന്നഹോ
പകയരോർത്തുപറഞ്ഞുപരത്തിടും,
മകനിവന്നുളവാമൊരു ചീത്തയാം
പുകളയേ കളയേണമരം ശുഭേ! 6

---

നിങ്കൽത്തല്പരനായ് പരം കരികര-
ക്രീഡാവിലാസാദികൾ-
ക്കെൻകൈത്താരിനിയെന്നു നിൻജഘനചാ-
ക്രാന്തേ ചരിപ്പിപ്പതും? 3
കളം ഗളവിക്രൂജിതം, കമനി! വി-
ശ്ലഥം കുന്തളം,
വിളങ്ങിനമൃദുസ്മിതം, വിഹിതകേ-
ളിനൃത്തം കുചം,
തളർന്നതനുമദ്ധ്യമീ നിലയിൽ നി-
ന്റെ വീരായിതം
വളർന്നരസമോടു ഞാനനുഭവി-
പ്പതെന്നാണിനി? 4
ബാലേ! വിലാസിനി! രസേനരതപ്രയോഗ-
ത്താലേ തളർന്നതവമെയ് തഴകിത്തരത്തിൽ
മാലേറെമാറുമധരാമൃതമാസ്വദിച്ചു
കാലേ കലേശമുഖി! ഞാനിനിയെന്നുറങ്ങും? 5

—o—

ചരണസേവകരായജനങ്ങളെ-
ബ്ഭരണമമ്പൊടുചെയ്തിടുമംബികേ!
മരണമാമളവെന്നരികത്തു നീ
വരണമോരണമോർമ്മയൊടെന്നെയും. 7
പ്രിയമൊടീശ്വരി! നീയിഹ നോക്കിലു-
ക്ഷയശുഭം വരുമായതുമല്ലമേ
ഭയമശേഷമകന്നിടുമപ്പൊഴേ
നിയതമായതമായിവരും സുഖം. 8
കുതുകമോടു സുഖാദികളേകിടു-
ന്നതുജഗത്തിനു നീ ദൃഢമംബികേ!
അതുലമാം തവചേഷ്ടിതമെത്രയും
ചതുരമാതുരമാക്കരുതെന്മനം. 9
ഭഗമുഖാമരസഞ്ചയസങ്കടം
വിഗതമാക്കിയൊരീശകുമാരികേ!
ഭഗവതീ! ഹ സമസ്തജനത്തിനും
ജഗതി നീ ഗതി നീലകളേബരേ! 10
ഭുവനമേഴിനുമീശ്വരിയായമ-
ന്നവനകാരിണിയായെഴുമംബികേ!
ഭവതിയെന്നിയെയമ്പൊടു നാഥനാ-
യിവനുമേവനുമേശകുമാരികേ! 11
പുകളെഴും "കുറുമാലി"യിലാണ്ടുകൊ-
ണ്ടകമലം കളയുംപരദേവതേ!
മികവെഴും പദമോർത്തു മരുന്നരാ-
പ്പുകലിതാ കലിതാദരമിന്നു ഞാൻ. 12
തനയദാരധനാദിയിലാഗ്രഹം
മനസി മേ വളരുന്നതു തീർത്തിനി
സനകസേവിതയാകിയ നീമുദാ
വിനയവും നയവും മയി ചേർക്കണേ! 13
ഹരസുതേ! കവിതക്കിവനാശയു-
ണ്ടരമതമ്പൊടു സാദ്ധ്യമതാക്കി നീ
കരളിലാത്തരസേന വിളങ്ങണേ
പരമയേ! രമയേറുതൊഴും ശിവേ! 14
ദിവസവും പുലരുമ്പൊഴുന്നേറ്റുപോയ്
സവനമമ്പൊടുചെയ്തു വിശുദ്ധനായ്
സ്തവമിതാരു ജപിപ്പതവർമഹാ-
കവിപദം വിപദന്തവുമാർന്നിടും. 15

---

* ഈ സ്തോത്രം കവിതിലകനും, ഈ കവിയുടെ ശിഷ്യനുമ ചങ്ങരംകോതകൃഷ്ണൻ കർത്താവവർകളുടെ അതിഥിയായി ഒ ദിവസം അവിടെ താമസിച്ചപ്പോൾ ചില സഹൃദയന്മാര സുഹൃത്തുക്കളുടെ അപേക്ഷപ്രകാരം അദ്ദേഹം ഉണ്ടാക്കിയതാണ്

[സമ്പാദകൻ]

പഴയഭാഷാകവികളുടെ വിശിഷ്ടകവനങ്ങൾക്കു "പാരിജാത പ്രത്യേകസ്ഥലമനുവദിക്കുവാൻ തീർച്ചപ്പെടുത്തിയിട്ടുണ്ട്. [പ

# പ്രസാധകക്കുറിപ്പുകൾ.

## ഗാന്ധിജിയുടെ ആദർശങ്ങൾ പ്രദർശിപ്പിക്കുവാൻ.

മഹാത്മാഗാന്ധിയുടെ ആദർശങ്ങളെയും, അദ്ദേഹത്തിന്റെ മഹത്തായ അഭിപ്രായഗതികളെയും പരക്കെ പ്രദർശിപ്പിക്കപ്പെടുന്നതിന്നു അദ്ദേഹത്തിന്റെ ഒരു പ്രധാനാനുയായിയും, അദ്ദേഹവുമായി പലതരത്തിലും ബന്ധപ്പെട്ടിരുന്ന ദേഹവുമായ കാക്കാകാലേക്കറെയാണു "മഹാത്മാഗാന്ധിസ്മാരകക്കമ്മിററി" ചുമതലപ്പെടുത്തിയിട്ടുള്ളതു്. വരുന്ന ഒക്ടോബർ 2-ാംനു- (മഹാത്മാഗാന്ധിയുടെ ജന്മദിനം) രാജക്കോട്ടുനിന്നു— അദ്ദേഹത്തിന്റെ ജന്മദേശത്തുനിന്ന്— രണ്ടു തീവണ്ടികൾ പുറപ്പെടും. പത്തു കോച്ചുകൾ വീതമുള്ള ഒരു ബ്രോഡ്ഗെയിജും, ഒരു മീററർഗെയിജുമായിരിക്കും പ്രസ്തുത വണ്ടികൾ. അവമൂലമാണു ഗാന്ധിജിയുടെ പലതരത്തിലുള്ള പ്രസംഗങ്ങളെയും, ആദർശങ്ങളെയും, ലേഖനങ്ങളെയും, വലിയതരത്തിലുള്ള പരസ്യങ്ങളെയും, ജനസാമാന്യത്തിന്നിടയിൽ വിപുലമായ നിലയിൽ പ്രചരിപ്പിക്കുവാൻ തീർച്ചപ്പെടുത്തിയിട്ടുള്ളതു്. ആ രണ്ടു വണ്ടികളും നിൽക്കുന്ന പ്രധാനസ്ഥലങ്ങളിലെ ഭാഷകളുടങ്ങിയ അച്ചടിച്ച ഗാന്ധിജിയുടെ ആദർശങ്ങൾ പ്രദർശനനിലയിൽ പ്രകൃതസ്ഥലങ്ങളിൽവിതരണം ചെയ്യുന്നതായിരിക്കും. മഹാത്മാഗാന്ധിയുടെ ജന്മദേശമായ സൌരാഷ്ട്രത്തിൽനിന്നു അദ്ദേഹത്തിനെ സംബന്ധിച്ച പല രേഖകളും സമ്പാദിപ്പാൻ കാക്കാകാലേക്കർ ഇപ്പോൾതന്നെ ശ്രമം ചെയ്തുതുടങ്ങിയിട്ടുണ്ട്. സൌരാഷ്ട്രത്തിലുള്ള അദ്ദേഹത്തിന്റെ പ്രാരംഭപ്രവൃത്തികൾ കഴിഞ്ഞാൽ അദ്ദേഹം തെക്കെ ആഫ്രിക്കയിൽ മഹാത്മജിയുടെ ഒരു സ്മാരകം യഥോചിതം സ്ഥാപിപ്പാനുള്ള പ്രവൃത്തികൾ നിറവേററുവാൻ അങ്ങോട്ടുപുറപ്പെടുന്നതാണ്.

മാഹാത്മാഗാന്ധിയുടെ ആദർശങ്ങൾ പൊതുജനങ്ങളുടെ ഹൃദയത്തിൽ പ്രത്യേകം വേരൂന്നുവാൻതക്ക ലയിൽ "ഗാന്ധി സ്മാരകനിധിക്കമ്മിററിക്കാർ" ഇങ്ങി ഒരേർപ്പാടുചെയ്യുന്നതു ഏററവും അഭിനന്ദനീയമാ ആ വിഷയത്തിൽ കാക്കാകാലേക്കറെ പ്രത്യേകം യോഗിച്ചതും സമുചിതമായിട്ടുണ്ട്.

## ഇന്ത്യക്കു പൊതുപുതുവത്സരദിനം.

ഒറീസ്സാസംസ്ഥാനത്തിലെ പ്രധാനമന്ത്രി ശ്രീ ഹരേകൃഷ്ണമഹാത്താബ് ഇതിന്നിടെ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"അടുത്തകാലത്തു ജനങ്ങളുടെയിടയിൽ പ്രാദേശികമനഃസ്ഥിതിക്കു പ്രാമാണ്യം കൂടിവരുന്നു. അപ്രകാരമുള്ള പ്രാദേശികമനസ്ഥിതിക്കു നാം വളംവെച്ചുകൊടുക്കരുതു്. പ്രാദേശികമനസ്ഥിതി നിശ്ചയമായും ഇന്നുള്ള പത്തുകൊല്ലങ്ങൾക്കുള്ളിൽ നിശ്ശേഷം ദൂരീകരിക്കപ്പെടണം. അതിന്നു ഭരണസൌകര്യങ്ങൾക്കനുയോജ്യമായ നിലയിൽ സംസ്ഥാനങ്ങൾ സൃഷ്ടിക്കപ്പെടുകയാണ് വേണ്ടതു്; ഭാഷയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാനരൂപവൽക്കരണമല്ലാ നമുക്കാവശ്യം. ഇന്ത്യയ്ക്കു ഒട്ടാകെ പൊതുവിൽ ഒരു പുതുവത്സരദിനാചരണം രാജ്യത്ത് ഐക്യം വർദ്ധിപ്പിക്കുന്നതിന്നു പ്രത്യേകം സഹായകമായിരിക്കും.

നമ്മുടെ നേതാക്കന്മാരിൽ പലരും ഭാഷാപരമായി സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെടണമെന്നുള്ള അഭിപ്രായക്കാരായിരിക്കെ ഭരണസൌകര്യാർത്ഥം സംസ്ഥാനങ്ങൾ സൃഷ്ടിക്കുന്നതാണു സമുചിതമെന്നു ഒറീസ്സാ പ്രധാനമന്ത്രിയോടു യോജിച്ചു സമർത്ഥിക്കുന്ന രാഷ്ട്രീയകാര്യവിദഗ്ദ്ധന്മാരുമില്ലായ്കയില്ല. ഏതു നിലയിലും പ്രാദേശികമനസ്ഥിതി നീങ്ങിക്കിട്ടേണ്ടതു് അത്യാവശ്യമാണ്.

## സ്വന്തംകാര്യം.

പ്രസ്സ മറെറാരു കെട്ടിടത്തിലേയ്ക്കു മാററിയതുകൊണ്ടു അച്ചടിസംബന്ധിച്ചുള്ള ഏർപ്പാടുകൾ മുഴുവനും ശരിയാകുവാൻ വീണ്ടും കുറച്ചുതാമസം വന്നുപോയതുകൊണ്ടാണു മാസികയുടെ പുറപ്പാടിലും താമസം വന്നുപോയതു്. ഈ മാസത്തിൽതന്നെ ഇനി അടുത്ത ലക്കവും പുറപ്പെടുവിച്ചു ക്രമമായി പണി നടത്തിക്കൊണ്ടുപോകുവാൻ ഇനി യാതൊരു ബുദ്ധിമുട്ടും വന്നുചേരുകയില്ല. പക്ഷെ, മാന്യവരിക്കാർ പലരും തങ്ങളുടെ കുടിശ്ശിക തീർക്കാതെവെച്ചുകൊണ്ടിരിക്കുന്നതു് ഞങ്ങൾക്കു പലനിലയിലും നിരാശയ്ക്കും കഷ്ടനഷ്ടങ്ങൾക്കും ഇടയാക്കുന്നുണ്ട്. എത്രയും വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ടിരുന്നിട്ടും അവരിൽ പലരും ആ വിഷയത്തെപ്പററി ഗൌനിക്കാത്തതിൽ നിർവ്യാജം വ്യസനിക്കുന്നു. ഇനിയെങ്കിലും അവർ ഞങ്ങളെ ഉള്ളഴിഞ്ഞു സഹായിക്കേണമെന്നു ഇപ്പോഴും അപേക്ഷിക്കയെ ഞങ്ങൾക്കു ഗത്യന്തരമുള്ളൂ.